തിരുവിതാംകൂർ ഗവർമ്മെണ്ടു പ്രസിദ്ധീകരണം




സോപാനം IV F. 1

# ജർമ്മനി

ഡാക്ടർ എൻ. പി. പിള്ള

C. V. SMARAKA GRANDHA
GRANDHA SALA
THENNOORKONAM
CHENGANOOR, A. O.
1078

# ജർമ്മനി

1078

By

ഡാക്ടർ എൻ. പി. പിള്ള,

എം. എ., എൽ. ടി., പി. എച്ച്. ഡി. (ബർമ്മിംങ്ഹാം)

Printed at the
KAMALA PRINTING & PUBLISHING HOUSE.
Vazhuthacaud :: Trivandrum.

# പ്രസ്താവന

'ബാലസാഹിത്യം' 'സാമാന്യവിജ്ഞാനം' ഈ വകുപ്പുകളിൽ ഇൻഡ്യൻ ഭാഷകളിലുള്ള നല്ല ഗ്രന്ഥങ്ങളുടെ കുറവു പരിഹരിക്കുന്നതിനായി ഇൻഡ്യയുടെ ഡെവലപ്പ്മെൻറു പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടി അനുസരിച്ച് നമ്മുടെ സംസ്ഥാനഗവണ്മെൻറ് 1954 മാർച്ചിൽ ഇരുപത്തിഅഞ്ചു ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നല്ലോ. ആ പരമ്പരയിലെ ഇക്കൊല്ലത്തെ പ്രസിദ്ധീകരണങ്ങളാണ് ഈ ഗ്രന്ഥങ്ങൾ.

കഴിഞ്ഞ തവണത്തെ ഗ്രന്ഥങ്ങൾക്കു സഹൃദയലോകവും വിദ്യാർത്ഥികളും നൽകിയ അനുഭാവപൂർവമായ സ്വീകരണത്തിനു ഞങ്ങൾ കൃതജ്ഞരാണ്. അവ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 10,000 കാപ്പികൾ വീതം അച്ചടിച്ചു വിതരണം ചെയ്യപ്പെട്ടുകമൂലം ബാലവിദ്യാർത്ഥികളുടെ ഇടയിൽ ഉത്കൃഷ്ടമായ പ്രയോജനം ലഭ്യമായിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അവയിൽ മിക്കവയും പേരുകേട്ട പണ്ഡിതന്മാരും സാഹിത്യകാരന്മാരും എഴുതിയിട്ടുള്ളവയായതുകൊണ്ട് ആ ഗ്രന്ഥങ്ങൾ മലയാളത്തിലെ ബാലസാഹിത്യശാഖയ്ക്കു ഒരു നേട്ടമായി തന്നെ കരുതാവുന്നതാണ്.

ഇത്തവണ ഞങ്ങൾ പത്തു ഗ്രന്ഥങ്ങളാണു് പ്രസിദ്ധീകരിക്കുന്നതു്. കെട്ടിലും മട്ടിലും കഴിഞ്ഞതവണത്തെ രീതിതന്നെ പിൻതുടർന്നിട്ടുണ്ടു്. പ്രശസ്തസാഹിത്യകാരന്മാരും പണ്ഡിതന്മാരും നിഷ്കർഷിച്ചു എഴുതീട്ടുള്ളവതന്നെയാണു് ഇവയും. അതുകൊണ്ടു് ഈ ഗ്രന്ഥങ്ങളും ജനസാമാന്യത്തിനും വിദ്യാർത്ഥികൾക്കും പ്രയോജനകരമായിരിക്കുമെന്നുതന്നെ വിശ്വസിക്കുന്നു.

തിരുവനന്തപുരം,
1956 മാർച്ച് 22.

വി. സുന്ദരരാജ് നായിഡു,
വിദ്യാഭ്യാസ ഡയറക്ടർ.

# വിഷയവിവരം

---


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | നിലവിലില്ലാത്ത രാജ്യം | 1 |
| 2. | തകന്ന നഗരങ്ങൾ | 5 |
| 3. | നഗര ജീവിതം | 14 |
| 4. | നാട്ടുമ്പുറങ്ങളിൽ | 20 |
| 5. | കൊക്ക കൊണ്ടുവന്ന കുട്ടികൾ | 27 |
| 6. | വിദ്യാഭ്യാസവും വിനോദങ്ങളും | 34 |
| 7. | വിവാഹവും കുടുംബജീവിതവും | 39 |


---


# ജമ്മനി

## അദ്ധ്യായം 1.

## നിലവിലില്ലാത്ത രാജ്യം

ജമ്മനിയെപ്പററി കേൾക്കാത്തവർ ചുരുക്കമാണു്. എന്നാൽ, ഭൂപടങ്ങളിലും ജമ്മൻ ജനതയുടെ ഹൃദയാന്തർഭാഗത്തുമല്ലാതെ അങ്ങനെ ഒരു രാജ്യം ഇന്നു നിലവിലില്ല. 'പശ്ചിമജമ്മനി' എന്നും 'പൂവ്ജമ്മനി' എന്നും രണ്ടു സ്വതന്ത്രസംസ്ഥാനങ്ങളായി അവിടം വിഭജിക്കപ്പെട്ടിരിക്കുന്നു. കുറച്ചുകാലം മുമ്പുണ്ടായ ഒരു സംഭവമാണിതു്.

അഡോൾഫ് ഹിററ്ലർ എന്നൊരു ശക്തിമാനായ നേതാവു് എ. ഡി. 1933-ൽ ജമ്മനിയിലെ ഭരണകൂടം പിടിച്ചെടുത്തു. വേഗത്തിൽ അദ്ദേഹം രാജ്യത്തിലെ സവ്വാധിപതിയായിത്തീൎന്നു. സമാധാനമായി ജീവിതം നയിച്ചിരുന്ന ജമ്മനിയിലെ ജനസഞ്ചയത്തെ അദ്ദേഹം അതിശീഘ്രം സമരോൽസുകരാക്കിത്തീൎത്തു. ജമ്മനി മുഴുവൻ അചിരേണ പടയാളികളും പടക്കോപ്പുകളും കൊണ്ടു നിറഞ്ഞു. സമരധ്വനി നാടെങ്ങും മുഴങ്ങി. ജമ്മൻ ജനതയ്ക്കു ജീവിക്കുവാൻ കൂടുതൽ സ്ഥലം വേണമെന്നും അയൽ രാജ്യങ്ങളിലുള്ള ജമ്മൻ വൎഗ്ഗക്കാരെ


സ്വീഡൻ
പോളണ്ട്
ഹാംബർഗ്
ഹാനോവർ
ബർലിൻ.
പോട്സ്ഡാം
ജർമ്മനി
കോളോൺ
ബോൺ
ഫ്രാങ്ക്ഫർട്ട്
ബവേറിയ
ബൊഹീമിയ
ന്യൂറൻബർഗ്
മാൻഹീം
ചെക്കോസ്ലോവാക്കിയ
മ്യൂണിക്ക്
ഫ്രാൻസ്

ജർമ്മനി

അവിടത്തുകാർ നിർദ്ദയം ചൂഷണം ചെയ്യുകയും ഉപദ്രവിക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം പ്രസംഗപീഠങ്ങളിൽ നിന്ന് നിരന്തരം ഉൽഘോഷിച്ചു. ഒടുവിൽ അദ്ദേഹത്തിൻെറ സൈന്യങ്ങൾ അയൽരാജ്യങ്ങൾ ആക്രമിച്ചു കീഴടക്കുവാൻ നിയുക്തരായി. എ. ഡി. 1939-ൽ, ഈ സമരപരിപാടിയെ ചെറുക്കുവാനായി ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ജർമ്മനിക്കെതിരായി യുദ്ധം പ്രഖ്യാപനം ചെയ്തു. 'രണ്ടാം ലോകമഹായുദ്ധം' എന്നു പ്രസിദ്ധമായ ഈ ഉഗ്രസമരം എ. ഡി. 1945 വരെ നീണ്ടുനിന്നു. റഷ്യയും അമേരിക്കയും മററനേകം രാജ്യങ്ങളും, ഇംഗ്ലണ്ടും ഫ്രാൻസുമായി ചേർന്ന് ഹിററ്ലറോടു പൊരുതി. അവസാനം ഹിററ്ലർ തോററു. കീഴടങ്ങിയ ജർമ്മൻകാർ നിരായുധരാക്കപ്പെട്ടു. ജർമ്മനിയെ വിഭജിച്ച് ജേതാക്കൾ ഭരിച്ചുതുടങ്ങി. ജർമ്മനിയുടെ കിഴക്കുഭാഗം റഷ്യാക്കാരുടേയും പടിഞ്ഞാറുഭാഗം ആംഗല അമേരിക്കൻ ശക്തികളുടേയും പിടിയിലമർന്നു. പൂർവ്വജർമ്മനി എന്നും, പശ്ചിമജർമ്മനി എന്നും രണ്ടു രാഷ്ട്രങ്ങൾ ഇതിനെ തുടർന്നു ജന്മമെടുത്തു. ഈ രാജ്യങ്ങളെ ഒന്നിപ്പിച്ച് വീണ്ടുമൊരു ജർമ്മനിയെ സൃഷ്ടിക്കുവാനുള്ള ശ്രമങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

ജർമ്മൻ വർഗ്ഗക്കാർ യൂറോപ്പിൽ വാസം തുടങ്ങിയതു് ഏതാണ്ട് രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പാണ്. പല ചെറിയ സംസ്ഥാനങ്ങൾ അവർ അവിടെ സ്ഥാപിച്ചു. രാജാക്കന്മാരും ചക്രവർത്തിമാരും അവരുടെ ഇടയിലുണ്ടായി. 'പ്രഷ്യ' എന്നൊരു സംസ്ഥാനം ഒടുവിൽ വളരെ ശക്തി പ്രാപിച്ചു. അവിടത്തെ രാജാവ് ജർമ്മനിയിലെ ചക്ര

വർത്തിയായി. സുശക്തവും വിപുലവുമായ ഒരു സാമ്രാജ്യമായി ജർമ്മനി വികസിച്ചു. ഒടുവിൽ ഒരു ചക്രവർത്തി, അദ്ദേഹത്തിൻെറ സൈന്യബലത്തിൽ വിശ്വസിച്ചുകൊണ്ട് ഒരു ലോകമഹായുദ്ധമഴിച്ചുവിട്ടു. 'ഒന്നാം ലോകമഹായുദ്ധം' എന്നു നിങ്ങൾ കേട്ടുകാണും. എ. ഡി. 1914 മുതൽ നാലുകൊല്ലം ഈ ഘോരസമരം നടന്നു. അതിൻെറ ഫലമായി ജർമ്മനിയിലെ രാജവാഴ്ച അവസാനിക്കുകയും, രാജ്യാതിർത്തികൾ ചുരുങ്ങുകയും ചെയ്തു. വിസ്തൃതി കുറച്ച ഈ രാജ്യത്തിലാണ് ഹിററ്ലർ അധികാരത്തിലവരോധിക്കപ്പെട്ടതു്. വിസ്താരം കൂട്ടുന്നതിനുവേണ്ടി ആവേശത്തോടുകൂടി അദ്ദേഹം നടത്തിയ യുദ്ധത്തിൻെറ ഫലം എന്തായിരുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു.

ജർമ്മൻ രാഷ്ട്രത്തിൻെറ അതിരുകൾ ചരിത്രകാലത്തു് ഇങ്ങനെ മാറിക്കൊണ്ടിരുന്നുവെങ്കിലും, 'ജർമ്മനി' എന്ന് ഒരു നിശ്ചിത ഭൂപ്രദേശത്തെ വിവക്ഷിക്കുവാൻ കഴിയും. വടക്ക് സമുദ്രവും തെക്കൊരു ഗിരിനിരയും ജർമ്മനിയുടെ പ്രകൃതിദത്തമായ അതിരുകളാകുന്നു. 'ആൽപ്സ്' പർവതനിരകളുടെ തുടർച്ചയായ 'ബൊഹീമിയൻ' ഉന്നതതടങ്ങളിൽ നിന്നു വടക്കോട്ടു ക്രമേണ ചരിഞ്ഞാണ് രാജ്യത്തിൻെറ കിടപ്പു്. നദികളുടെ ഗതി നോക്കുക. 'റൈൻ', 'വീസർ', 'എൽബ്', 'ഓഡർ' എന്നീ നദികളെല്ലാം തെക്കുനിന്ന് ഉത്ഭവിച്ച്, വടക്കോട്ടൊഴുകി, സമുദ്രത്തിൽ നിപതിക്കുന്നു. തെക്കുകിഴക്കായി ഒഴുകുന്ന ഒരു പ്രധാന നദി 'ഡാന്യൂബ്' മാത്രമാണ്; അതു് ജർമ്മൻ

പ്രദേശത്തുനിന്നു പുറത്തോട്ടൊഴുകിപ്പോവുകയാണ്. റൈൻ നദീപ്രാന്തങ്ങൾക്കു പടിഞ്ഞാറ് 'ഫ്രെഞ്ചു' പ്രദേശങ്ങളും ഓഡറിനു കിഴക്കു മാറി 'പോളിഷ്' പ്രദേശങ്ങളുമാകുന്നു.

ജർമ്മനിയുടെ ശ്രേയസ്സിനു മുഴുവൻ കാരണം ഈ പഞ്ചനദികളാകുന്നു. അവയുടെ പോഷകനദികളായി ഏകദേശം നൂററിഅൻപത് ചെറുനദികൾ ജർമ്മനിയിലുണ്ട്. ഈ നദീതടങ്ങളിലാണ് ജനങ്ങൾ തിങ്ങി വസിക്കുന്നത്. പ്രധാന പട്ടണങ്ങളെല്ലാം അവയുടെ തീരത്താകുന്നു.

## അദ്ധ്യായം 2

# തകന്ന നഗരങ്ങൾ

രണ്ടാം ലോകമഹായുദ്ധത്തിൽ ഭൂലോകത്തിൻെറ പല ഭാഗങ്ങളിലായി അനവധി വലിയ പട്ടണങ്ങൾ നശിച്ചു. ആകാശവിമാനങ്ങളിൽ നിന്നു വലിയ 'ബോംബു'കൾ വർഷിച്ച് കോട്ടകൊത്തളങ്ങൾ, പാലങ്ങൾ, കെട്ടിടങ്ങൾ, വ്യവസായശാലകൾ എന്നിവ ഇല്ലായ്മചെയ്തത് ഈ യുദ്ധത്തിലെ പ്രത്യേകതയായിരുന്നു. ജർമ്മൻകാർ ശത്രുരാജ്യങ്ങളിൽ ബോംബുകൾ വർഷിച്ചതുപോലെ ജർമ്മനിയിൽ ശത്രുക്കളും ബോംബിട്ടു. അവിടത്തെ വലിയ പട്ടണങ്ങളിൽ ചിലത് തകന്നു തരിപ്പണമായി. കെട്ടിടങ്ങൾ പലതും ഇടിഞ്ഞു

പൊളിഞ്ഞു. വ്യവസായശാലകൾ അനവധി വെന്തു വെണ്ണീറായി. ശേഷിച്ച വ്യവസായശാലകളിൽ പ്രധാന മായയവയെല്ലാം യുദ്ധാനന്തരം ജർമ്മനിയിൽ പ്രവേശിച്ച ശത്രുക്കൾ പൊളിച്ചു മാററി. പട്ടണങ്ങളും വ്യവസായ ശാലകളും വീണ്ടും പൊങ്ങിവരുന്ന കാലഘട്ടമാണിത്.

യുദ്ധം തുടങ്ങിയ കാലത്ത് ജർമ്മനിയിൽ അറുപ തിൽപരം വലിയ നഗരങ്ങളുണ്ടായിരുന്നു. ലക്ഷക്കണക്കി നാണ് ഓരോ നഗരത്തിലും ജനങ്ങൾ തിങ്ങിക്കൂടിയിരു ന്നത്. നഗരവാസികളുടെ എണ്ണം ഏതാണ്ട് ജന സംഖ്യയുടെ പകുതിയിൽ കൂടുതലായിരുന്നു എന്നു കണ ക്കാക്കപ്പെട്ടിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ പല താണ്. അവിടത്തെ മണ്ണ്, പല സ്ഥലത്തും കൃഷിക്ക് ഉപയുക്തമല്ലാത്തവിധം മണലോ, ചെളിയോ, കട്ടി ച്ചരലോ നിറഞ്ഞതാണ്. കൃഷിയെക്കാൾ കൂടുതൽ ആദായം ഏതുകാലത്തും വ്യവസായശാലകളിൽ ജോലി ചെയ്തുണ്ടാക്കുവാൻ കഴിയും. റൈൻ, എൽബ് എന്നീ നദികളുടെ തീരങ്ങൾ ലോകത്തിലെ പ്രസിദ്ധ കൽക്കരി പ്രദേശങ്ങളിൽ ഉൾപ്പെട്ടവയാകുന്നു. ഭീമമായ വ്യവ സായശാലകൾ കേന്ദ്രീകരിച്ചുണ്ടായ അനവധി നഗര ങ്ങൾ ഇവിടെയുണ്ട്. ഇരുമ്പും ഉരുക്കുംകൊണ്ട് യന്ത്ര സാമഗ്രികൾ ഉണ്ടാക്കുന്ന വൻയന്ത്രശാലകൾ, തുണി ത്തരങ്ങൾ, സ്ഫടികസാധനങ്ങൾ, ഗൃഹസാമാനങ്ങൾ, കൃഷിക്കോപ്പുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള തൊഴിൽശാലകൾ എന്നിവയുടെ ഇവിടത്തെ പട്ടണങ്ങൾ പ്രശസ്തമാകുന്നു. കച്ചവടകേന്ദ്രങ്ങൾ, തുറമുഖങ്ങൾ, നദീ

സംഗമങ്ങൾ എന്നിവയും ജനനിബിഡമായിത്തീൎന്ന് വലിയ നഗരങ്ങളായി രൂപാന്തരപ്പെട്ടു. റൈൻ നദിയിൽ കൂടി നാനൂററി അൻപതു നാഴികയും എൽബിൽ കൂടി നാനൂറു നാഴികയും യാത്രചെയ്യാമത്രെ. മററു നദികളും ഇതുപോലെതന്നെ യാത്രായോഗ്യമാകുന്നു. അതുകൊണ്ടു് ഈ നദീതീരങ്ങളിൽ ആളുകൾ തിങ്ങിക്കൂടി വലിയ പട്ടണങ്ങളുണ്ടായി.

വൻനദികളിൽ കൂടിയും, അവയുടെ പോഷകനദികളിലോ, അവയെ കൂട്ടിഇണക്കുന്ന വിശാലമായ തോടുകളിലോ കൂടിയും യാത്രചെയ്തു് ജർമ്മനിയുടെ പല ഭാഗങ്ങളിലുമെത്തിച്ചേരാം. എണ്ണായിരം നാഴിക ദൂരം ചെറുകപ്പലുകളിൽ ഇങ്ങനെ യാത്രചെയ്യാമത്രെ. ഹിററ്ലരുടെ കാലത്തു് തീവണ്ടി ഉപയോഗിച്ചു് ഏതു ദിക്കിലും എത്തത്തക്കവണ്ണം റയിൽ ഗതാഗതവും വർദ്ധിച്ചു. സിമൻറു് കാൺക്രീററുകൊണ്ടുള്ള വളരെ വീതി കൂടിയ റോഡുകൾകൂടി അദ്ദേഹം പട്ടണങ്ങളിലെല്ലാം നിർമ്മിച്ചു. ഈരണ്ടു വരിയായി മോട്ടാർ വാഹനങ്ങൾ അങ്ങോട്ടും, ഈരണ്ടു വരിയായി ഇങ്ങോട്ടും, പാഞ്ഞു പോകത്തക്ക വിധത്തിലാണു് റോഡുകൾ തയ്യാർ ചെയ്തിട്ടുള്ളതു്. പോകാനും വരാനുമുള്ള വഴികളെ വേർതിരിച്ചുകൊണ്ടു് ഈ റോഡുകളുടെ മദ്ധ്യത്തിൽകൂടി നിരത്തിയിരിക്കുന്ന ഒരു നേരിയവരി പുൽതകിടി അവയ്ക്കു മനോഹാരിത കൂട്ടുന്നുണ്ടു്. രണ്ടു റോഡുകൾ കൂട്ടിമുട്ടുന്ന സ്ഥലങ്ങളിൽ നാം കാണുന്ന 'നാലു മുക്കുകൾ' ഈ റോഡുകളിൽ കാണുവാനില്ല എന്നതു് ഇവയുടെ ഒരു പ്രത്യേകതയാകുന്നു. ഒരു റോഡ് മററൊന്നിനെ കടന്നുപോകുന്നിടത്തെല്ലാം, അതു്

അടിവശത്തുകൂടിയോ മുകൾഭാഗത്തുകൂടിയോ ആണു് നിർമ്മിച്ചിരിക്കുന്നതു്. അതിൻെറ ഫലമായി ആപത്ശങ്കകൂടാതെ അതിശീഘ്രം കാറോടിച്ചു പോകുവാൻ കഴിയും.


ജർമ്മനിയിലെ ഏററവും വലിയ നഗരം'ബർലിൻ' ആകുന്നു. അതു ജർമ്മനിയുടെ തലസ്ഥാനമായിരുന്നു. എൽബ് നദിയുടെ പോഷകനദിയായ 'സ്പ്രീ'യുടെ കരയിലാണു് ഈ പട്ടണം. വിശാലവും സുന്ദരവുമായ നിരവധി റോഡുകളും അനേകം റയിൽപാതകളും ഇവിടെയുണ്ടു്. വിദ്യാഭ്യാസം, വാണിജ്യം, വ്യവസായം എന്നിവയ്ക്കെല്ലാം ഇവിടം ഒരു പ്രസിദ്ധകേന്ദ്രമാകുന്നു. കിഴക്കേ ജർമ്മനിയിലെ ഏററവും പ്രധാന നഗരമെന്ന നിലയിൽ ഇന്നും അതിൻെറ മാഹാത്മ്യത്തിനു കുറവു തട്ടിയിട്ടില്ല. ബർലിൻനഗരത്തിനു വളരെ അടുത്താണു് പോട്സ്ഡാം. ജർമ്മൻ ചക്രവർത്തിമാരുടെ കാലത്തു് സാമ്രാജ്യത്തിലെ ഏററവും പ്രധാനമായ ഒരു സൈനികപരിശീലന കേന്ദ്രമായിരുന്നു അവിടം. അതിമനോഹരമായ ഒരു വനപ്രദേശം, അതിനുള്ളിൽ വിശ്വവിശ്രുതമായ ഒരു സുന്ദര തടാകം, അതിനരികിൽ ചരിത്രപ്രസിദ്ധിയുള്ള രമണീയമായ ഒരു മണിമാളിക—മാളികയ്ക്കു മുമ്പിലായി സൈന്യവിന്യാസങ്ങൾ ചക്രവർത്തിമാർ തൃക്കൺപാർത്തിരുന്ന കണ്ണെത്താത്ത മൈതാനങ്ങൾ—ഇവമാത്രമാണു് ഇന്നവിടെയുള്ളതു്.

ജർമ്മനിയിലെ ഏററവും പ്രധാന തുറമുഖമായ 'ഹാംബർഗ്ഗ്' നഗരവും എൽബ് നദീതീരത്താകുന്നു. വീസർ നദിക്കരയിലെ 'ബ്രമൻ' എന്നപ്പെട്ട മറെറാരു

തുറമുഖമാണ്. ബ്രമന്റെ സമീപം 'ഹാനൊവർ'എന്നൊരു വലിയ പട്ടണമുണ്ട്. ഹാനൊവറിൽ നിന്ന് അധികം അകലമില്ലാത്ത 'ഹാമലിൻ' എന്ന സ്ഥലത്ത് പണ്ട് ഉണ്ടായ രസകരമായ ഒരു സംഭവത്തെപ്പററി അറിയാത്തവർ ചുരുങ്ങും. ഒരിക്കൽ എലിശല്യം വർദ്ധിച്ച് അവിടത്തുകാർക്ക് വീട്ടിലും വെളിയിലും സൈ്വരമായി ജീവിക്കുവാൻ നിവൃത്തിയില്ലെന്നായി. പരിഹാരം കണ്ടുപിടിക്കുന്നതിനുവേണ്ടി അടിയന്തിരമായി അധികൃതർ ടൗൺഹാളിൽ സമ്മേളിച്ചു. ഈ അവസരത്തിൽ വിചിത്രവേഷക്കാരനായ ഒരു കോമാളി അവിടെ എത്തി. ആയിരം സ്വർണ്ണനാണയം സമ്മാനമായി നൽകുന്നപക്ഷം എലികളിൽനിന്നു പൂർണ്ണവിമോചനം സാധിച്ചുകൊടുക്കാമെന്നു അയാൾ അവരെ അറിയിച്ചു. ആയിരത്തിനു പകരം അൻപതിനായിരം കൊടുക്കുന്നതിനുപോലും അവർക്ക് സന്തോഷമായിരിക്കുമെന്നായിരുന്നു അവരുടെ മറുപടി. ഉടൻതന്നെ, കയ്യിലുണ്ടായിരുന്ന ഒരു കുഴൽ വാദ്യം മുഴക്കിക്കൊണ്ട് ആ കോമാളി തെരുവിലിറങ്ങി നടന്നു. എന്തൊരാശ്ചര്യമെന്നറിഞ്ഞില്ല, പല സ്ഥലത്തുനിന്നും ലക്ഷക്കണക്കിന് എലികൾ ഓടി എത്തി, വരിവരിയായി അണിനിരന്ന് അയാളുടെ പുറകെ തുള്ളിച്ചാടി പുറപ്പെട്ടു. അയാൾ വീസർ നദിയിലേയ്ക്കു നടന്നു. പുറകെ പോയ എലികൾ നേരെ നദിയിൽ ചെന്നുചാടി, മുഴുവനും മുങ്ങിച്ചത്തു. നഗരാധ്യക്ഷനോടു തിരിഞ്ഞു് വാഗ്ദാനമനുസരിച്ചു കിട്ടാനുള്ള ആയിരം നാണയം ആവശ്യപ്പെട്ട വിചിത്രവേഷധാരിയെ നോക്കി, പുച്ഛരസ

ത്തിൽ മന്ദഹസിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു, 'വേണമെങ്കിൽ അൻപതു മേടിച്ചുകൊണ്ടു പൊയ്ക്കൊള്ളൂ' എന്നു്. എലികളെല്ലാം ചത്തൊടുങ്ങിയ സ്ഥിതിക്കു് ഈ തെണ്ടിക്കു് എന്തിനു പണം കൊടുക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. ഈ വാഗ്ദാനലംഘനം അയാളെ കുപിതനാക്കി. തൻെറ കുഴലെടുത്തു വീണ്ടും ഒരു ഗാനമാലപിച്ചുകൊണ്ടു് അയാൾ അവിടെനിന്നു നടന്നു. നാട്ടിലെ കുഞ്ഞുങ്ങളാണു് ഇത്തവണ അയാളുടെ പുറകേ പോയതു്. ബാലന്മാരും ബാലികമാരും സസന്തോഷം ആടിച്ചാടി ഒരു മലഞ്ചരിവിലെത്തി. പെട്ടെന്നു അവിടെ ഒരു വിടവുണ്ടാവുകയും, തുരുതുരെ കുട്ടികൾ അതിനകത്തിറങ്ങുകയും ചെയ്തു. അമ്പരന്നു നിന്ന നാട്ടുകാർ നടന്നതെന്തെന്നറിയുന്നതിനു മുമ്പേ, ആ വിടവു നികരുകയും കുഴലൂത്തുകാരൻ അവിടെനിന്നു അന്തർദ്ധാനം ചെയ്യുകയും കഴിഞ്ഞിരുന്നു. നാശത്തിലേക്കു കുഞ്ഞുങ്ങളെ നയിച്ച ആ വഴി, 'കുഴലൂത്തുകാരൻ തെരുവു്' എന്നു ഇന്നും അറിയപ്പെടുന്നു. ഈ ദാരുണസംഭവം മുഴുവനും ചിത്രീകരിച്ചിട്ടുള്ള ഒരു സ്മാരകവും അവിടെ നില്പുണ്ടു്.

'യൂ ഡി കോളോൺ' എന്നൊരു സുഗന്ധ ദ്രാവകം ലോകത്തെങ്ങുമുള്ള പരിഷ്കാരികൾ ഉപയോഗിക്കാറുണ്ടു്. ഈ പരിമളം ആദ്യമുണ്ടാക്കിയിരുന്നതു് റൈൻ നദീപ്രാന്തത്തുള്ള കോളോൺ പട്ടണത്തിലായിരുന്നു. വളരെ പ്രസിദ്ധമായ ഒരു കത്തോലിക്കാപ്പള്ളി കോളോൺ നഗരത്തിലുണ്ടു്. പകുതിയോളം കെട്ടിപ്പൊക്കിയശേഷം



കഴലൂത്തുകാരൻ സ്മാരകം

പണിപൂൎത്തിയാക്കുവാൻ കഴിയാതെ അറുന്നൂറു കൊല്ല ത്തോളം ആ പള്ളി നിലകൊണ്ടുവത്രെ. അത്ഭുതകരമായ പല കഥകളും ഈ പള്ളിയുടെ മാഹാത്മ്യത്തെപ്പററി ജൎമ്മനിയിൽ പറയുന്നതു കേൾക്കാം. ഏതാണ്ടു് നൂറു

കൊല്ലം മുമ്പുമാത്രമാണു് ഇതിന്റെ പണി മുഴുവനാക്കി യതു്.

റൈൻ നദീതീരത്തുള്ള മറെറാരു പട്ടണമാകുന്നു ബൊൺ'. പശ്ചിമജമ്മൻ ഗവർമ്മെണ്ടു് ഇവിടെ യാണു സ്ഥാപിച്ചിരിക്കുന്നതു്.

റൈൻ നദിയുടെ ഒരു പോഷകനദിയായ 'റൂർ' ഒഴുകുന്ന പ്രദേശം മുഴുവൻ കൽക്കരി ഖനികൾകൊണ്ടു നിറഞ്ഞിരിക്കുന്നു. ഇരുമ്പും മററു ലോഹങ്ങളും കൽക്കരി യോടുകൂടി ഖനനം ചെയ്യുന്ന ഈ സ്ഥലത്തു്, 'എസ്സൻ' എന്നൊരു പട്ടണമുണ്ടു്. പത്തൊൻപതാംനൂററാണ്ടിൽ ആൽഫ്രെഡ് ക്രൂപ്പ് എന്നൊരു വ്യവസായ പ്രമുഖൻ പീരങ്കികളുണ്ടാക്കുന്നതിനുള്ള ഒരു വ്യവസായശാല ആരംഭിച്ചതോടുകൂടിയാണു് എസ്സൻ ഒരു പട്ടണമായി ത്തീന്നതു്. അചിരേണ പലതരം വലിയ യന്ത്രശാല കൾ കൊണ്ടു് അവിടം നിറഞ്ഞു. ക്രൂപ്പിന്റെ പണി ശാലകളിൽ വലുതും ചെറുതുമായ പലവിധം ആയുധ ങ്ങൾ വൻതോതിൽ വളരെക്കാലം നിർമ്മിച്ചുവന്നു. ഈ യന്ത്രശാലകളിൽ പലതും രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം പൊളിച്ചു മാററിയിരിക്കുകയാണു്. ഇപ്പോൾ എസ്സനിലുള്ള വ്യവസായശാലകൾ മിക്കവാറും കൃഷി ഉപകരണങ്ങൾ നിർമ്മിക്കുന്നതിലേക്കുപയോഗിച്ചു വരുന്നു.

'മ്യൂണിക്', 'ഫ്രാങ്ക്ഫട്ട്', 'റാററിസ്ബൺ' എന്നി ങ്ങനെ ചില പ്രധാനപട്ടണങ്ങൾ തെക്കേ ജമ്മനിയിൽ ഉണ്ടു്. അക്കൂട്ടത്തിലൊന്നാകുന്നു, 'ന്യൂറൻബഗ്ഗ്'. തെക്കേ

ജർമ്മനിയിൽ വളരെ അധികം വനങ്ങൾ ഉള്ളതുകൊണ്ടു്, തടിയുപയോഗിച്ചു് ന്യൂറൻബർഗ്ഗിൽ പണ്ടുമുതൽ ധാരാളം കളിപ്പാട്ടങ്ങൾ നിർമ്മിച്ചിരുന്നു. ന്യൂറൻബർഗ്ഗിലെ കുട്ടികളുടെ ജോലി കളിപ്പാട്ടങ്ങളുണ്ടാക്കുകയും ഇംഗ്ലണ്ടിലെ കുട്ടികളുടെ ജോലി അവ പൊട്ടിക്കുകയുമാണെന്നു് നേരമ്പോക്കായി പണ്ടുള്ളവർ പറയാറുണ്ടായിരുന്നു.

ജർമ്മനിയിലെ ചില പട്ടണങ്ങൾ പുരാതനകാലം മുതൽക്കേ പ്രസിദ്ധമായ വിദ്യാഭ്യാസകേന്ദ്രങ്ങളാണു്. 'ട്യൂബിൻഗൻ', 'ഹീഡൽബർഗ്ഗ്' എന്നീ പട്ടണങ്ങളിലെ സർവ്വകലാശാലകൾ ലോകമെങ്ങും പേരു കേട്ടവയാകുന്നു. ശാസ്ത്രീയവിഷയങ്ങൾ തുടങ്ങി സംസ്കൃതംവരെ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ ജർമ്മൻ സർവ്വകലാശാലകളിൽ ഉണ്ടു്.

വാണിജ്യകേന്ദ്രങ്ങളിൽ വച്ചു് പ്രമുഖസ്ഥാനമർഹിക്കുന്നതു് 'ലീപ്സിഗ്' നഗരമത്രെ. ബർലിൻ കഴിഞ്ഞാൽ ജർമ്മനിയിലെ ഏററവും പ്രധാന നഗരം ഇതാകുന്നു. ബർലിനും ലീപ്സിഗ്ഗും ഹംബർഗ്ഗും ലോകത്തിലെ വിടെയുമുള്ള വലിയ നഗരങ്ങളോടു് കിടനിൽക്കുന്നവയാണു്. ആധുനികരീതിയിലുള്ള മാളികകൾ, ഉദ്യാനങ്ങൾ, നാടകശാലകൾ, കച്ചവടസ്ഥാപനങ്ങൾ, ഗതാഗത സൗകര്യങ്ങൾ എന്നിവ ഈ നഗരങ്ങളിലുള്ളതു കാരണം ജർമ്മനിയിലെ മററു നഗരങ്ങളെ അപേക്ഷിച്ചു് വളരെ കൂടുതൽ ജനങ്ങൾ ഇവിടങ്ങളിൽ തിങ്ങിപ്പാർക്കുന്നു.

## അദ്ധ്യായം 3

# നഗരജീവിതം

പുരാതനവും ജനനിബിഡവുമായ ഒരു പട്ടണത്തിലേയ്ക്കു നിങ്ങൾ പോവുകയാണു്. റൈൻനദീതീരത്തുള്ള 'മൻഹീം' ഇപ്രകാരമുള്ള ഒരു സ്ഥലമാകുന്നു. അവിടത്തെ തെരുവീഥികൾ വളരെ വീതിയുള്ളവയാണു്. വളവും തിരിവും കൂടാതെ വരയിട്ടതുപോലെ അവ നീണ്ടു കിടക്കുന്നു. ഈ തെരുവുകളെ തിരിച്ചറിയുന്നതിനു പേരുകളല്ല, പ്രത്യുത അക്ഷരങ്ങളാണു് ഉപയോഗിച്ചിരിക്കുന്നതു്. വീടുകൾക്കും അവർ നാമകരണം ചെയ്യുക പതിവില്ല; ഓരോന്നിനും ഒരു നമ്പർ ഇട്ടിരിക്കുന്നതു കാണാം. കെട്ടിടങ്ങൾ മൂന്നും നാലും നിലകൾ ഉള്ളവയാണെന്നു പ്രഥമദൃഷ്ടിയിൽ മനസ്സിലാകും. ഓരോ നിലയിലും പലപ്പോഴും മൂന്നു നാലു കുടുംബങ്ങൾ താമസിക്കുന്നുണ്ടായിരിക്കും. ചില ഭവനങ്ങളിൽ ഒരു നിലയിൽ ഒരു കുടുംബം മാത്രമെന്ന രീതിയിലും കാണും. ജർമ്മൻ നഗരവാസികളധികവും ഇങ്ങനെ 'ഫ്ളാറ്റു'കളിൽ താമസിക്കുന്നവരത്രെ. 'എ' തെരുവിൽ, 12-ാമത്തെ കെട്ടിടത്തിൽ, 4-ാമത്തെ നിലയിൽ താമസിക്കുന്ന ഒരാളിന്റെ മേൽവിലാസം നിങ്ങൾക്കു് എഴുതിത്തന്നിട്ടുണ്ടെങ്കിൽ അതിപ്രകാരമായിരിക്കും: എ. 12-4.

വിശാലമായവീഥികളുടെ ഇരുവശങ്ങളിലും അതിമനോഹരമായവിധം മരങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്നു. മരങ്ങളിൽ ഇലകളില്ലാത്തതു തണുപ്പു കാലമായതു

കൊണ്ടാണ്. മരക്കൊമ്പുകളുടെ ഇടയിൽക്കൂടിയുള്ള ഉത്തുംഗ സൗധങ്ങളുടെ കാഴ്ചയാണ് ആദ്യമായി നിങ്ങൾക്കു കിട്ടുന്നത്. നിങ്ങൾ നിർദ്ദിഷ്ടഭവനത്തിലേയ്ക്കു ചെന്നു കഴിഞ്ഞു. വീട്ടിന്റെ വാതൽ അടച്ചിട്ടിരിക്കുന്നതു കണ്ട് അകത്ത് ആളുകളാരുമില്ലെന്നു ശങ്കിക്കേണ്ട. ജർമ്മനിയെപ്പോലെ തണുപ്പു കൂടിയ ഒരു രാജ്യത്ത്, വിശേഷിച്ചും ശീതകാലത്ത്, കാററ് വീട്ടിനകത്തേക്കടിക്കുന്നതു ആർക്കും ഇഷ്ടമായിരിക്കയില്ലല്ലൊ. അതുകൊണ്ട് വീടുകളിലെ കതകുകൾ എപ്പോഴും അടച്ചുകാണും. കതകിൽ ഘടിപ്പിച്ചിട്ടുള്ള 'ഇലക്ട്രിക്ബെൽ' ഞെക്കുകയോ ഇരുമ്പുകഷണംപിടിച്ച് കതകിൽ തട്ടുകയോ ചെയ്യുക. അധികം നിമിഷങ്ങൾ കഴിയുന്നതിനുമുമ്പ് കതകു തുറക്കുമെന്നുള്ളത് നിശ്ചയമാണ്. 'വന്ദനം, അകത്തുവരാമല്ലോ' എന്നു പറഞ്ഞുകൊണ്ട് തലകുനിച്ച് നിങ്ങളെ അഭിവാദനം ചെയ്ത് വീട്ടിലേക്കാനയിക്കുന്നത് മിക്കവാറും മദ്ധ്യവയസ്കയായ ഒരു സ്ത്രീയായിരിക്കും. അല്പം മുഷിഞ്ഞ 'ഫ്രോക്കും' ജാക്കററും ധരിച്ച്, അതിനു മുകളിലായി കുറെക്കൂടി അഴുക്കുപുരണ്ട ഒരു 'ഏപ്രണ്ം' ചുററിക്കെട്ടി നിങ്ങളുടെ മുമ്പിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട്, നാടോടി ഭാഷയിൽ മര്യാദവാക്കുകൾ പറഞ്ഞ ഈ സ്ത്രീ ഗൃഹനായികയാണെന്നു തെററിദ്ധരിക്കരുത്. ജർമ്മനിയിൽ, അടുത്തകാലംവരെ സാമാന്യം ജീവിക്കുവാൻ വകയുള്ള കുടുംബങ്ങളിലെല്ലാം വീട്ടുജോലിക്കു വേലക്കാരെ നിറുത്തുക പതിവായിരുന്നു. വേലക്കാരികളൊഴികെ ആരുംതന്നെ ഒരിക്കലും അല്പംപോലും മുഷിഞ്ഞവസ്ത്രങ്ങൾ അണിഞ്ഞു് കാണാറില്ല.

നിങ്ങൾ ഗൃഹനായികയുടെ ക്ഷണമനുസരിച്ചു ചെന്നതാണെന്നു് ആ സ്ത്രീയെ ധരിപ്പിക്കുക. നിങ്ങളുടെ 'ഓവർകോട്ടു്' ഊരി എടുക്കുന്നതിനു് അവൾ നിങ്ങളെ സഹായിക്കുകയും, കോട്ടും, ഹാററും, വടിയുണ്ടെങ്കിൽ അതും മേടിച്ചു് അടുത്തുള്ള സ്റ്റാൻഡിൽ നിക്ഷേപിക്കുകയും ചെയ്യും.

ഫ്ളാററിലെ വിശാലമായ സ്വീകരണമുറിയിൽ നിങ്ങളെകൊണ്ടിരുത്തിയ ശേഷം ഭൃത്യ അവിടെനിന്നു് അപ്രത്യക്ഷയാവുന്നു. മുറിയിൽ തണുപ്പു തീരെ അറിയുന്നില്ല. എന്തായിരിക്കും ഇതിനുള്ള കാരണം? നിങ്ങൾ ചുററും നോക്കുകയാണു്. നീണ്ടു നിവന്ന മൂന്നുനാലു ജനലുകൾ അടുത്തടുത്തായി ചുവരിൽ കാണാം. അവ അടച്ചിട്ടിരിക്കുകയാണു്. രണ്ടുവരി കണ്ണാടി അടപ്പുകൾ, ഉൾവശത്തും പുറവശത്തുമായി, ഓരോ ജനലിനുമുള്ളതു പ്രത്യേകം ശ്രദ്ധിക്കുക. കമ്പിളികൊണ്ടുള്ള ജനൽവിരികളിട്ടിരിക്കുന്നതും ഭംഗിക്കു മാത്രമല്ല. തറ മുഴുവനും കട്ടിക്കമ്പിളി വിരിപ്പുകൊണ്ടു മൂടി കസേരകൾ അതിനുമുകളിൽ നിരത്തിയിരിക്കുന്നതിനും ഒരുദ്ദേശമുണ്ടെന്നു് ഇപ്പോൾ നിങ്ങൾക്കു മനസ്സിലാകും. നിങ്ങളിരിക്കുന്ന കസേരകൾ എന്തു ഭംഗിയും ഈടുമുള്ളവയാണു്! അവയിൽ മെത്തപിടിപ്പിച്ചു തുണിയിട്ടിരിക്കുന്നതും നിങ്ങൾക്കു തണുപ്പുതട്ടാതിരിക്കുവാൻ തന്നെയാകുന്നു. വളരെ കുറച്ചു സാമാനങ്ങൾ മാത്രമേ ആ മുറിയിലുള്ളു. മൂലയിലുള്ള ഒരു ജനലിനടുത്തു നിരത്തിയിട്ടുള്ള കുറെ ചെറുപനകളല്ലാതെ പൂക്കിണ്ണങ്ങളോ മററു് അലങ്കാര വസ്തുക്കളോ

അവിടെയില്ല. ഒരു വലിയ പിഞ്ഞാൺ പാത്രം മുറിയുടെ അററത്തു കാണുന്നുണ്ടു്. അതു് ഒരു അലങ്കാരവസ്തുവല്ല; ആ മുറി ചൂടാക്കുവാനുള്ള 'സ്റ്റോവ്' ആകുന്നു.

ഈ മുറിയിൽനിന്നു് അടുത്ത മുറികളിലേയ്ക്കു പ്രവേശിക്കുവാൻ ധാരാളം വാതലുകളുണ്ടു്. ഏതു മുറിയിൽനിന്നും അടുത്ത മുറിയിൽ പ്രവേശിക്കത്തക്ക വിധമാണു് ജർമ്മനിയിലെ ഫ്ളാററുകൾ നിർമ്മിച്ചിട്ടുള്ളതു്. അടുത്ത മുറികളിൽ ഒന്നു ദൃഷ്ടി പായിക്കുക. കിടക്കയുടെ അടിവശത്തും, മേശയും കസേരയുമിട്ടിരിക്കുന്ന സ്ഥലങ്ങളിലും മാത്രമേ വിരിപ്പുകളുള്ളു. മററു ഭാഗങ്ങൾ തിളങ്ങുന്നവിധം മെഴുകിട്ടു മിനുസമാക്കിയിരിക്കയാണു്. അവ എന്തു ഭംഗിയായും വൃത്തിയായും സൂക്ഷിച്ചിരിക്കുന്നു!

നിങ്ങളെ ഉച്ചഭക്ഷണത്തിനു ക്ഷണിച്ചിരിക്കുകയാണു്. മണി പന്ത്രണ്ടു കഴിഞ്ഞിരിക്കുന്നു. ഗൃഹനായികയുടെ സമ്മതത്തോടുകൂടി നിങ്ങൾ പാചകശാലയിൽ ചെന്നു് അവിടെ നടക്കുന്നതെന്തെന്നു കാണണമെന്നു ആഗ്രഹിക്കുന്നുവെങ്കിൽ അതിനു തടസ്സമില്ല. നമ്മുടെ അടുക്കളയിൽ നിന്നു് എന്തൊരു വ്യത്യാസം! എല്ലാത്തിനും ഒരടുക്കുണ്ടു്. തിളങ്ങുന്ന തറ; വൃത്തിയായ അടപ്പുകൾ; തേച്ചുമിനുക്കിയ വെയ്പുപാത്രങ്ങൾ മനോഹരമായ പിഞ്ഞാൺ പാത്രങ്ങൾ; ഇവ വരിവരിയായി യഥാസ്ഥാനങ്ങളിൽ വച്ചിരിക്കുകയാണു്. ഗൃഹനായിക, അവരുടെ മേൽനോട്ടത്തിൽതന്നെ പാചകം നടത്തുന്നതു് നിങ്ങൾകൂടി ഊണിനു ചെന്നിട്ടുള്ളതുകൊണ്ടല്ല; എന്നും അവർ അതു ചെയ്യാറുണ്ടു്. പ്രഭാതത്തിൽ

ഉണരുന്നവരാണ് ജർമ്മൻകാരെന്നും, അതുകൊണ്ട് ഏഴു മണിക്കു മുമ്പുതന്നെ മിക്കവാറും പ്രാതൽ കഴിയുമെന്നും അവർ നിങ്ങളോടു പറയും. പ്രാതലിനുള്ള വിഭവങ്ങൾ എന്തെന്നു ചോദിക്കുക. ഈയിടെ ചായ ഉണ്ടാക്കിക്കഴിക്കാറുണ്ടെങ്കിലും, നല്ലവണ്ണം എല്ലാവർക്കുമറിയാവുന്നത് കാപ്പിയുണ്ടാക്കുവാനാണ്. 'റൈ' മാവുകൊണ്ടു വടിപോലെ, ഒന്നുരണ്ടടി നിളത്തിലുണ്ടാക്കുന്ന റൊട്ടി മുറിച്ച് വെണ്ണചേർത്തു കഴിക്കുകയും കാപ്പികുടിക്കുകയുമാണ് അവരുടെ പതിവ്. ചിലർ ഒരു മുട്ടകൂടി കഴിച്ചു എന്നുവരും. മത്സ്യം സാധാരണ ആരും തന്നെ രാവിലെ ഉപയോഗിക്കാറില്ല. ഉച്ചഭക്ഷണത്തിനു സൂപ്പും, മാംസവും അഥവാ മത്സ്യവും കാണും; ചിലപ്പോൾ ഒരു മധുരസാധനവും. പച്ചമത്സ്യം, ഉണക്ക ഇറച്ചി എന്നെല്ലാം ആഹാരപ്പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് പുകച്ച് വേവിച്ചിട്ടുള്ള സാധനങ്ങളാണെന്ന് അവർ പറഞ്ഞുതരും. അടുക്കളയിൽ നിരത്തിയിരിക്കുന്ന വലിയ സ്ഫടിക പാത്രങ്ങൾ ഇതിനിടയിൽ നിങ്ങളെ ആകർഷിച്ചുകാണും. ഉപ്പിലിട്ടവയാണ് അവയിലെല്ലാം—വിനാഗിരിയിൽ ഉപ്പിലിട്ട വെള്ളരിക്കാ, മുട്ടക്കോസ് മുതലായവ. ഏതു സമയമുള്ള ആഹാരത്തോടുംകൂടി ഇവ കഴിക്കാം. സാധാരണ രാത്രിയിലെ ആഹാരത്തോടുകൂടിയാണ് ഇവ കൂടുതൽ ഉപയോഗിക്കാറുള്ളതു്. ഉച്ചയ്ക്കാണ് പൂർണ്ണാഹാരമെന്ന പക്ഷം രാത്രി മിക്കവാറും കുറെ ഉണക്ക ഇറച്ചിയോ, ഇറച്ചി അപ്പമോ, ഉപ്പിലിട്ടതുചേർത്തു കഴിച്ചു വിശപ്പടക്കുകയായിരിക്കും. 'ബീയറോ' 'വീഞ്ഞോ' ഇതോടൊ

ന്നിച്ച കഴിക്കണമെന്നും അവർ പറയും. ബീയർ ധാന്യ ങ്ങളിൽനിന്നു തയ്യാറാക്കുന്ന ഒരുതരം പാനീയമാണു്.

ഊണുകഴിക്കുവാനിരിക്കുമ്പോഴായിരിക്കും നിങ്ങൾ മേശവിരിപ്പിൽ ഒന്നു നോക്കുന്നതു്. അതിന്റെ അററത്തു് തുന്നിപ്പിടിപ്പിച്ച ഒരു അടയാളചിത്രം കാണുമാറുണ്ടു്. ആ അടയാളം അതിനിടയ്ക്കു് അവിടെയുള്ള മിക്കവാറും എല്ലാ തുണിവിരിപ്പുകളിലും നിങ്ങൾ കണ്ടതായി അപ്പോൾ ഓർക്കുന്നുണ്ടാവും. ഇതു് ഗൃഹനായികയുടെ പേര ടയാളമാകുന്നു. അധികവും അവർതന്നെ തുന്നിയതാണു്. പേരടയാളം ഗൃഹത്തിലെ തുണികളിൽ തുന്നിയിരിക്ക ണമെന്നു് അവർക്കു വലിയ നിർബ്ബന്ധമുണ്ടു്.

ഗൃഹനായികയൊന്നിച്ചു് പട്ടണത്തിലേയ്ക്കു് ഇറ ങ്ങുവാൻ ഉച്ചകഴിഞ്ഞു്, ഒരുപക്ഷേ, നിങ്ങൾക്കു സാധി ച്ചുവെന്നുവരും. ധാരാളം ഉദ്യാനങ്ങളും വിനോദശാലകളും പട്ടണത്തിലുണ്ടു്. അടുത്തുള്ള ഒരു നാടകശാലയിലേയ്ക്കു നിങ്ങളുടെ ശ്രദ്ധതിരിയുന്നതുകണ്ടു്, നിങ്ങൾക്കെന്തു തരം നാടകങ്ങളാണിഷ്ടമെന്നു അവർ ആരായുന്നു. സംഗീത നാടകങ്ങളാണോ?—എന്നാൽ 'ഓപ്പെറാ' കൾ നടക്കുന്ന നാടകശാലകൾ അവർ കാണിച്ചുതരും. ഗെത്തേ, ഷില്ലർ, ഇബ്സൻ, എന്നിങ്ങനെ ലോകപ്രസിദ്ധരായ പലരു ടേയും നാടകങ്ങൾ അവിടെ, അല്ലെങ്കിൽ അടുത്തുള്ള പട്ട ണങ്ങളിലെ നാടകശാലകളിൽ പലപ്പോഴും അഭിനയി ക്കാറുണ്ടു്. ഷേക്സ്പീയറുടെ നാടകങ്ങളാണു് ഇഷ്ട മെന്നു പറയുക; എന്നാൽ അവയും ചാതുര്യത്തോടുകൂടി അഭിനയിക്കുന്ന നാടകശാലകളുടെ ഒരു പട്ടിക നിങ്ങളുടെ മുമ്പിൽ അവർ അവതരിപ്പിക്കും.

ഏതായാലും, നിങ്ങൾക്കു് അന്നു് നാടകത്തിനു പോകുവാൻ സമയമില്ല. അതുകൊണ്ടു് നിങ്ങൾ അവരുമായി പിരിയുകയാണു്. സ്നേഹവാക്കുകൾ എത്രപറഞ്ഞാലും അവൎക്കു മതിയാവില്ല. അവർ നിങ്ങളെ കെട്ടിപ്പിടിച്ചു് ആലിംഗനംചെയ്തു വിടതരും. തിരിഞ്ഞു നോക്കുക-അപ്പോഴും അവിടെനിന്നു് കയ്‌വീശി അവർ നിങ്ങൾക്കു മംഗളമാശംസിക്കുന്നതു കാണാം.

## അദ്ധ്യായം 4

# നാട്ടുമ്പുറങ്ങളിൽ

ജൎമ്മൻ പ്രദേശത്തിന്റെ മുക്കാൽ ഭാഗവും മേട്ടുകൾ, കാട്ടുകൾ, പാടങ്ങൾ, ചെളിപ്രദേശങ്ങൾ, എന്നിവയാകുന്നു. ഇമ്മാതിരി സ്ഥലങ്ങളിൽ അങ്ങിങ്ങായി ധാരാളം ചെറിയ ഗ്രാമങ്ങളുണ്ടു്. ചില ഗ്രാമങ്ങളിൽ ഇന്നും മരവും പലകയും കൊണ്ടു നിൎമ്മിച്ചു്, പലകകൾ കൊണ്ടു മേഞ്ഞ ചെറു കെട്ടിടങ്ങൾ കാണാം. കൃഷീവലന്മാൎക്കു പലൎക്കും സ്വന്തമായി കൃഷിയിറക്കുന്നതിനും കന്നുകാലികളെ തീററുന്നതിനും വേണ്ട പറമ്പു വീട്ടിനുചുററുമുണ്ടു്. പശു, പന്നി, ആട്ടു് എന്നിവയോടുകൂടി കോഴിയും താറാവും ഈ ചെറുകൃഷിക്കാർ വളൎത്തുക പതിവാകുന്നു. വീട്ടിനു പുറകുവശം ഈ മൃഗങ്ങൾക്കും, പറവകൾക്കുമുള്ള അറക

ളായിരിക്കും. മുൻവശത്തുള്ള മുറിയിൽ കുടുംബാംഗങ്ങൾ താമസിക്കുന്നു. ഈ മുറിയുടെ നടുക്കു്, അല്ലെങ്കിൽ ഒരററത്തു്, വലിയ ഒരു സ്റ്റോവുണ്ടായിരിക്കും. ഇതിൽ മരക്കഷണങ്ങളിട്ടു തീക്കൂട്ടിയാണു് മുറിച്ചൂടുപിടിപ്പിക്കുന്നതു്. അടുത്തുള്ള കാടുകളിൽ നിന്നു കുട്ടികൾ പെറുക്കിക്കൊണ്ടുവരുന്ന ചുള്ളികൾ എല്ലായ്പോഴും ഇങ്ങനെ മുറി ചൂടാക്കുന്നതിനു മതിയാകും. തീയിൽവാട്ടി ഉണക്കിയ പന്നിഇറച്ചിയും, മാലപോലെ കോർത്തിട്ടുള്ള ഉള്ളികളും മററു സസ്യങ്ങളും പലപ്പോഴും കഴുക്കോലുകളിലും മററും നിന്നു തൂങ്ങിക്കിടക്കുന്നുണ്ടായിരിക്കും. ചില ഗ്രാമങ്ങളിൽ രണ്ടുനിലയും മൂന്നുനിലയുമുള്ള കെട്ടിടങ്ങളുമുണ്ടു്. ഇവിടെയെല്ലാം സാധാരണ ഏററവും മുകളിലത്തെ നില ധാന്യങ്ങൾ ഉണക്കുന്നതിനും സംഭരിക്കുന്നതിനുമായിട്ടാണു് ഉപയോഗിക്കാറുള്ളതു്.

ഗ്രാമീണരുടെ ജീവിതം നഗരവാസികളുടെ ജീവിതത്തിൽ നിന്നു വളരെ വ്യത്യസ്തമാണു്. കുട്ടികൾ മാതാപിതാക്കന്മാരെ കൃഷിയിലും കന്നുകാലി മേയ്ക്കുന്നതിലും സഹായിക്കാറുണ്ടു്. പ്രഭാതം മുതൽ പ്രദോഷംവരെ, പ്രായംചെന്ന പെൺ കുട്ടികളും ആൺ കുട്ടികളും പാടങ്ങളിൽ പണിയെടുക്കുന്നതു കാണാം. വിതയ്ക്കുമ്പോഴും വിളവെടുക്കുമ്പോഴും അവർ മാതാപിതാക്കന്മാരുടെകൂടെ ജോലി ചെയ്യുക പതിവാകുന്നു. ഓരോ ആഴ്ചയിലും ഒന്നോരണ്ടോ ദിവസം ഈ കൃഷിക്കാർ വിളവുകളുമായി അടുത്തുള്ള പട്ടണത്തിലെ ചന്തയിലേക്കുപോകും. റൈമാവു്, ഉരുളക്കിഴങ്ങു്, മധുരക്കിഴങ്ങു്, പുകയില മുതലായവ

യാണ് വിൽക്കുവാൻ സാധാരണ കൊണ്ടുപോകുന്നത്. റൈൻ, എൽബ എന്നീ നദികളുടെ തീരത്തുള്ള ഗ്രാമീണർ ധാരാളം മുന്തിരിങ്ങ, 'ആപ്പിൾ', 'പെയർ', 'പീച്ച്,' 'പ്ളം', 'ഏപ്രിക്കാട്ട്,' 'ചെറി' തുടങ്ങിയ പഴവർഗ്ഗങ്ങളും വില്പനക്കു കൊണ്ടുചെല്ലുന്നു. പശുവും, കാളയും, ചെമ്മരിയാടും, കോലാടും, കുതിരയും, പന്നിയും, കോഴിയും, താറാവും എല്ലാം ക്രയവിക്രയം ചെയ്യുന്നത് ഇതേ ചന്തയിലാകുന്നു. കിഴക്കെ പ്രഷ്യയിൽ, ഇന്നും പാവപ്പെട്ട കൃഷിക്കാർ കാളവണ്ടിയിൽ സാമാനം കയററി ചന്തയിലേക്കു കൊണ്ടുപോകുന്നതു കാണാവുന്നതാണ്. മത്സ്യം ജീവനോടെ വലിയ പാത്രങ്ങളിലിട്ടു സൂക്ഷിച്ച്, വില്പനയ്ക്കുവെച്ചിരിക്കുന്നതു രസകരമായ ഒരു കാഴ്ചയാകുന്നു. വളരെ നേരത്തെ വിലപേശലിനു ശേഷമാണ് പലപ്പോഴും വില്പന നടക്കുന്നത്. ധാരാളം സാമാനങ്ങൾ മേടിക്കുന്നവർക്കു ചിലപ്പോഴെല്ലാം വില്പനക്കാർ ഒരുപിടി പുഷ്പങ്ങൾ സമ്മാനിച്ചുവെന്നും വരും.

ചന്തയിൽ പോകുന്നത് ദൈനംദിനമുള്ള ശാരീരികാധ്വാനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ജോലിയാണല്ലോ. സ്നേഹിതരെ കാണുന്നതിനും അവരുമായി സല്ലപിക്കുന്നതിനുമുള്ള ഒരവസരവും കൂടി ആവുകയാൽ, അതു സന്തോഷകരമായ ഒരു കാര്യമായി യുവതീയുവാക്കന്മാർ കരുതുന്നു. എന്നാൽ, ചന്തദിവസങ്ങളിൽ ആരും വസ്ത്രാലങ്കാരഭൂഷിതരായി ചെല്ലാറില്ല. ആണ്ടിൽ രണ്ടു മൂന്നു വിശേഷദിവസങ്ങൾ അവർക്കുണ്ട്. അന്നാണ് വിശേഷവസ്ത്രങ്ങൾ ധരിച്ച്, പാട്ടും കൂത്തും സദ്യയുമായി

ഗ്രാമീണജനങ്ങൾ സന്തോഷിക്കുന്നതു്. വിളവെടുക്കുന്ന കാലം കഴിഞ്ഞ ഉടനെ, നമ്മുടെ ഓണംപോലെ, അവക്കും ഒരു കാർഷികോത്സവമുണ്ടു്. നല്ല പകിട്ടുള്ള പട്ടുതുണികൊണ്ടുണ്ടാക്കിയ സ്കേർട്ടും, വെള്ളപടത്തിൽ തച്ചു് തുന്നൽപണി ചെയ്തു ഭംഗിവരുത്തിയ ജാക്കറ്റും ധരിച്ചു്, ഒരു പക്ഷേ പൂക്കുലകൾ തിരുകിപിടിപ്പിച്ച ഒരു തൊപ്പിയോ ഹാറ്റോ കൂടി അണിഞ്ഞുകൊണ്ടാണു് പെൺകുട്ടികൾ അന്നിറങ്ങുന്നതു്. കായികമത്സരങ്ങളിൽ അവർ ബാലന്മാരോടുകൂടി പങ്കെടുക്കും. കാലത്തുതൊട്ടു് ഓട്ടവും ചാട്ടവും, നമ്മുടെ ഇടയിലുള്ളതുപോലുള്ള മററു കായികമത്സരങ്ങളും നടക്കും. നിറകുടം കൈപിടിക്കാതെ തലയിൽ ചുമന്നുകൊണ്ടു് അതിവേഗത്തിൽ നടന്നു ചെല്ലുക, പെൺകുട്ടികൾക്കായുള്ള രസകരമായ ഒരു മത്സരമത്രെ. കളികൾ കഴിഞ്ഞു് സദ്യയാണു്. വിശിഷ്ടഭോജ്യങ്ങളെക്കൊണ്ടുള്ള മൃഷ്ടാന്നസദ്യയാണു് എത്ര നിർദ്ധനനും അന്നു കഴിക്കുന്നതു്. പിന്നീടു നൃത്തം തുടങ്ങുന്നു. ആബാലവൃദ്ധം ജനങ്ങൾ ഇതിൽ പങ്കുകൊള്ളും. ക്ഷീണിച്ചു വശംകെടുന്നതുവരെ ഓരോരുത്തരും നൃത്തം ചെയ്യും. പലപ്പോഴും അർദ്ധരാത്രിവരെ അതു നീണ്ടു നില്ക്കും.

മററൊരു വിശേഷദിവസം നമ്മുടെ മാട്ടുപ്പൊങ്കൽ പോലെ ഇടയന്മാക്കായുള്ള ഒരുത്സവമാണു്. ചില സ്ഥലങ്ങളിൽ ഈ ഉത്സവാഘോഷങ്ങൾ രണ്ടു ദിവസം നീണ്ടു നില്ക്കും. ഓരോ ദിവസവും വിശിഷ്ടവസ്ത്രങ്ങളണിഞ്ഞു് സ്ത്രീപുരുഷന്മാർ പള്ളിയിൽ പോവുകയും അതിനു

ശേഷം വിനോദങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. പ്രധാനമായ ഒരു വിനോദം ആട്ടിടയന്മാരുടെ പട്ടികളുടെ സാമർത്ഥ്യപ്രകടനമാണ്. അഴിച്ചുവിട്ട ആടുകൾ പററത്തിൽനിന്നു തെററിപ്പോകുമ്പോൾ അവയെ തേടിപ്പിടിച്ച്, ചെറുത്തുനിറുത്തിയും പിൻതിരിച്ചോടിച്ചും മററും കൂട്ടത്തിൽ കൊണ്ടു ചേർക്കുന്നതിന് ഇവയ്ക്ക് അതിസാമർത്ഥ്യമുണ്ട്. ഒരു വിധത്തിലും മുറിവോ, വേദനയോ ഏല്പിക്കാതെ, അതിവേഗത്തിൽ ഓരോ പററത്തിലേയും ആടുകളെ ഒന്നിച്ചു കൊണ്ടുചേർക്കുന്നതിൽ ആരുടെ പട്ടികൾ വിജയിക്കുന്നു എന്നുള്ളതിലാണ് അന്നത്തെ മത്സരം. വിജയം വരിച്ച ശ്വാനസേനയുടെ യജമാനന് സമ്മാനങ്ങൾ നൽകിയശേഷം, ഇടയ ബാലന്മാരും, ബാലികമാരും നൃത്തം ചെയ്യുന്നതിനായി അടുത്തുള്ള ചന്ത സ്ഥലത്തേക്കോ, അഥവാ ഏതെങ്കിലും മൈതാനത്തിലേക്കോ യാത്രയാകുന്നു. കാൽമുട്ടുവരെ എത്തുന്ന കറുത്ത ശരായി, തൂവെള്ളനിറത്തിലുള്ള സ്റ്റാക്കിങ്ങ്സ്; ഇരുണ്ട നിറത്തിലുള്ള കോട്ട്; കയ്യിൽ വർണ്ണക്കടലാസു ചുററി മോടിപിടിപ്പിച്ച, ആടുമേയ്ക്കാനുള്ള വടി ഇതാണു പുരുഷന്മാരുടെ വേഷം. മസ്ലിൻ ഫ്രാക്കുകളും നിറപ്പകിട്ടുള്ള ജാക്കററുകളും പൂക്കുലകൾ തിരുകിക്കേററിയ നീണ്ട തൊപ്പികളും ധരിച്ച് മനോഹാരിണികളായാണ് പെൺകുട്ടികളുടെ പുറപ്പാടും. കുഴൽ വാദ്യക്കാരുടെ അകമ്പടിയോടുകൂടി മേളം മുഴക്കിക്കൊണ്ട് ഈ യുവതീയുവാക്കന്മാർ നിശ്ചിതസ്ഥാനത്തേക്കു നീങ്ങുന്നു. അവരുടെ

നാടോടി നൃത്തങ്ങൾ തുടങ്ങുന്നതോടുകൂടി കണ്ടുനില്ക്കുന്നവരും ഉല്ലാസഭരിതരായിത്തീർന്നു്, പലപ്പോഴും അവയിൽ പങ്കുകൊള്ളാറുണ്ട്. കായികമത്സരങ്ങൾ, പാട്ടുകൾ, കൂത്തുകൾ എന്നിവയും പരിപാടികളിൽ ഉൾപ്പെടും. ആ രണ്ടു ദിവസങ്ങളിലേയും കളികളും നേരമ്പോക്കുകളും സദ്യവട്ടങ്ങളും പിന്നീടു പലതവണ പറഞ്ഞു ഇക്കൂട്ടർ രസിക്കുക പതിവാകുന്നു.

മൂന്നിക്കിനടുത്തു് 'ഒബർ അമർഗാ' എന്നൊരു ഗ്രാമമുണ്ടു്. പത്തു വർഷത്തിനൊരിക്കൽ 'ബവേരിയാ'യിലെ ഗ്രാമീണർ അവിടെ തിങ്ങിക്കൂടുക പതിവാകുന്നു. ക്രിസ്തുദേവന്റെ ജീവിതകഥയിലെ ചില രംഗങ്ങൾ, അതർഹിക്കുന്ന ഗൗരവത്തോടും ഭക്തിയോടുംകൂടി വ്രതമെടുത്തു പഠിച്ച പ്രത്യേകം കളിക്കാർ അഭിനയിക്കുന്നതു കാണുന്നതിലേക്കാണ് ഈ ആളുകൾ ചെല്ലുന്നതു്. കളിക്കുന്നവർ രണ്ടു കൊല്ലത്തെ വ്രതമെടുക്കാറുണ്ടെങ്കിൽ, കാണാൻ പോകുന്നവരും ഒട്ടും കുറയ്ക്കാറില്ല. പലരും താടിയും മീശയും വളർത്തി ഒന്നു രണ്ടു മാസത്തെ വ്രതം നോററു തന്നെയാണ് പോവുക. ഈ തീർത്ഥാടനം കേരളത്തിലെ ശബരിമല യാത്രപോലെ പ്രയാസമേറിയതാകുന്നു. നല്ല വേനൽക്കാലത്താണ് ഉത്സവം. പല വിദൂരപ്രദേശങ്ങളിലും നിന്ന് നടന്നും, കാളവണ്ടിയിലും, മററു വാഹനങ്ങളിലുമായി ആളുകൾ ഇവിടെ എത്തിച്ചേരുകയാണ്. എന്നാൽ വേണ്ടത്ര ഭക്ഷണശാലകളും വിടുതികളും, വഴിയിലും ഉത്സവസ്ഥലത്തും ഇല്ലെന്നുതന്നെ പറയാം. തല്ക്കാലത്തേക്കുവേണ്ടി പൊങ്ങിവരുന്ന ലഘുഭക്ഷണശാലകളിൽ

അമിതമായ വിലകൊടുത്ത് കഷ്ടിച്ചു വിശപ്പടക്കുന്നതി നുള്ള സൗകര്യം മാത്രമേ കാണുകയുള്ളൂ. ഇതിലൊന്നിൽ പ്രവേശിക്കുന്നവർ, പ്രവേശനദ്വാരത്തിനടുത്ത് പുക വലിച്ചുകൊണ്ടു നില്ക്കുന്ന ഒരുഗ്രപുരുഷനെ മിക്കവാറും കാണാതിരിക്കുകയില്ല. ഇയ്യാൾ അതിൻെറ ഉടമസ്ഥ നാണ്. അകത്ത് ആളുകളെ സ്വീകരിച്ചിരുത്തുന്നതും അവർക്കു വേണ്ട റൊട്ടിയും പാനീയങ്ങളും നൽകുന്നതും അയാളുടെ ഭാര്യയാണ്. ഒരു പക്ഷേ, അയാളുടെ പെൺ മക്കളും ഈ ജോലി ചെയ്യുന്നുണ്ടായിരിക്കും. വീട്ടുതി വൃത്തിയായി സൂക്ഷിക്കുക, ബീയർ ഉണ്ടാക്കുക, സംഭരി ക്കുക, പകർന്നു കൊടുക്കുക, കാശുമേടിക്കുക, നർമ്മ സല്ലാപം നടത്തി വരുന്നവരെ പ്രീണിപ്പിക്കുക മുതലായ എല്ലാ ജോലികളും ഈ സ്ത്രീകൾ ഭംഗിയായി നിർവ ഹിക്കും. ജർമ്മനിയിലെ ഏററവും വിശിഷ്ടമായ ബീയർ ബവേരിയായിലാണ് ഉണ്ടാക്കുന്നതു്. അതുകൊണ്ടു്, ഈ തീർത്ഥയാത്രയിൽ പങ്കുകൊള്ളുന്ന ഗ്രാമീണരുടെ പ്രധാന ആഹാരം ബീയറും റൊട്ടിയുമെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല.

ഗ്രാമങ്ങളിൽനിന്നു നഗരങ്ങളിലേക്കു ജനങ്ങൾ മാറിക്കൊണ്ടിരുന്നതിനെ തടയുന്നതിനു് ഹിററ്ലരുടെ ഭരണകാലത്ത് സത്വരനടപടികൾ സ്വീകരിച്ചു. വിള വെട്ടുകാലത്ത് സർവ്വകലാശാലകൾ അടച്ചുപൂട്ടി, വിദ്യാർത്ഥികളെ കൃഷിക്കാരെ സഹായിക്കുന്നതിനു പറ ഞ്ഞയക്കുവാൻ തുടങ്ങി. 'റേഡിയോ'കൾ അവർക്കു

സൗജന്യമായോ തുച്ഛമായ വിലയ്ക്കോ നൽകപ്പെട്ടു. യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിച്ചു. 'മോട്ടാർകാറും' 'ട്രെയിനും' ഇന്നു ഏതു മുക്കിലുമുണ്ടു്.

അദ്ധ്യായം 5

## കൊക്കു കൊണ്ടുവന്ന കുഞ്ഞുങ്ങൾ

ശീതകാലത്തു വളരെയധികം തണുപ്പും ഉഷ്ണകാലത്തു് സാമാന്യമായ ചൂടുമാണു്, പൊതുവേ ജർമ്മനിയിലെ കാലാവസ്ഥ. വടക്കെ ജർമ്മനിയുടെ സമുദ്ര സാമീപ്യം അവിടത്തെ തണുപ്പിനു അല്പം കുറവു വരുത്തിയിട്ടുണ്ടു്. തെക്കേ ജർമ്മനിയിൽ എപ്പോഴും തണുപ്പുകൂടും. അതുപോലെതന്നെ റൈൻതീരത്തുനിന്നു കിഴക്കോട്ടു പോകുന്തോറും തണുപ്പു വർദ്ധിക്കും, എൽബിനപ്പുറം ഈ തണുപ്പു് കുറേക്കാലത്തേക്കു ദുസ്സഹമാണു്. നവംബർ മുതൽ ഏപ്രിൽ മാസംവരെ പൂർവ്വജർമ്മനിയിൽ തണുപ്പുകാലം നീണ്ടു നില്ക്കുന്നു. ഇക്കാലത്തു കുറെ ഏറെസമയത്തേക്കു് നദികളും കായലുകളും ഉറഞ്ഞുകിടക്കുന്നതു കാണാം. വനങ്ങൾ സാർവത്രികമാണെങ്കിലും നിബിഡമായ കാന്താരങ്ങൾ തെക്കുള്ള ഉന്നതതടങ്ങളിലാകുന്നു. പ്രസിദ്ധമായ 'ബ്ലാക് ഫാറസ്റ്റ്' ഈ ദിക്കിലാണു്. പടിഞ്ഞാറുവശത്തുള്ള കൊടുംകാടുകളിൽ 'ബീച്ചു്', 'ഓക്', 'ആഷ്', 'എൽം' തുടങ്ങിയ ഉറച്ച തടിയുള്ള വൻമരങ്ങൾ ഇടതൂർന്നു നില്ക്കുന്നു. കിഴക്കോട്ടു പോകുന്തോറും സൂചി ഇല മരങ്ങളും

ണധികം. കരടി, ചെന്നായ്, കാട്ടുപന്നി, കാട്ടുപൂച്ച മുതലായ മൃഗങ്ങളും കാട്ടുകോഴി, താറാവ്, മരംകൊത്തി, കൊക്ക് മുതലായ പക്ഷികളും ഈ വനങ്ങളിൽ ധാരാളമുണ്ട്.

നദികൾ ഉറഞ്ഞു കിടക്കുന്ന ഹേമന്തകാലത്ത് മരങ്ങൾ ഇലകളൊന്നുമില്ലാതെ, കോലങ്ങൾപോലെ നിൽക്കുന്നതു കാണാം. വസന്തകാലമാവുന്നതോടുകൂടി ഈ സ്ഥിതിക്കു പെട്ടെന്നു മാററം വരും. ഇരുട്ടിവെളുക്കുന്ന വേഗത്തിൽ മരങ്ങളിൽ ഇലമൊട്ടുകൾ പൊട്ടിക്കിളിക്കും. ഒന്നു രണ്ടാഴ്ച കഴിയുമ്പോൾ അതിമൃദുലമായ തളിരിലകൾ കൊണ്ടു മരങ്ങൾ നിറയും. പറവകൾ മരക്കൊമ്പുകളിൽ സ്ഥാനം പിടിച്ച് ശബ്ദിക്കുകയും അങ്ങോട്ടുമിങ്ങോട്ടും പറന്നു കളിക്കുകയും ചെയ്യും. ഇക്കൂട്ടത്തിൽപെട്ട അതിപ്രധാനമായ ഒരു കാഴ്ചയാണ് അങ്ങിങ്ങു നിൽക്കുന്ന വെളുത്തുനീണ്ട കൊക്കുകൾ.

ഓരോ കൊല്ലവും വസന്തമാവുന്നതോടുകൂടി ധാരാളം കൊക്കുകൾ ജർമ്മനിയിൽ പ്രത്യക്ഷപ്പെടും. വീടുകളിലെ കൂരയിലും പള്ളികളിലെ ഗോപുരങ്ങളിലും, ആളുകൾക്ക് എത്താൻ കഴിയാത്ത മററു സൗകര്യമുള്ള സ്ഥലങ്ങളിലും അവ കൂടുകെട്ടും. പൊക്കമുള്ള കെട്ടിടങ്ങളുടെ മുകൾ ഭാഗത്ത് ഒററക്കാലിൽ തപസ്സുചെയ്യുന്ന ബകവരന്മാരെ ഇക്കാലത്തു ധാരാളമായി കാണാം. സൂക്ഷിച്ചുനോക്കിയാൽ സമീപത്തായി അതിൻെറ ഒരു കൂടുകാണും. കൂട്ടിനകത്ത് മുട്ടകളിരിപ്പുണ്ട്. ആരും അവ തട്ടിക്കൊണ്ടു



കൊക്ക കൊണ്ടുവന്ന കുഞ്ഞുങ്ങൾ

പോകാതിരിക്കാൻവേണ്ടി പാറാവു നില്ക്കുകയാണ് ആ കാവൽഭടൻ. വേനല്ക്കാലമാവുമ്പോഴേക്കും മുട്ടകൾ പൊട്ടി കുഞ്ഞുങ്ങൾ പുറത്തു വന്നുകഴിയും. തണുപ്പു തുടങ്ങുംമുമ്പ് കുഞ്ഞുങ്ങൾ വളൎന്നുകഴിഞ്ഞു. ബകകുടുംബം അവിടെനിന്ന് ഉടനെ നിഷ്ക്രമിക്കും. സൂൎയ്യപ്രകാശവും ചൂടും ഇക്കാലത്തു സുലഭമായി കിട്ടാവുന്ന ഏതെങ്കിലുമൊരു പ്രദേശമായിരിക്കണം അവരുടെ ലക്ഷ്യം. ഈജിപ്തിനെ ലാക്കാക്കിയാണ് അവ പറന്നു പോകുന്നതെന്നു കാണുവാൻ കഴിയും.

ഈ കാഴ്ചകാണാത്ത കുട്ടികൾ ജൎമ്മനിയിലുണ്ടായിരിക്കയില്ല. 'അനിയൻ എങ്ങിനെയുണ്ടായി?', 'ഒരനിയത്തിയെക്കൂടിവേണം', എന്നെല്ലാം ചോദിക്കുന്ന ജിജ്ഞാസുക്കളായ കുഞ്ഞുങ്ങളോടുത്തരം പറയുവാൻ അമ്മമാൎക്കു ബകവൎഗ്ഗത്തിൻെറ പതിവായുള്ള ഈ വരവ് സഹായമായിത്തീൎന്നു. 'മുക്കോത്തിക്കു തവിട്ടുകൊടുത്തു മേടിച്ചതാ' എന്ന് നിങ്ങളിൽ ചിലരോട് അമ്മമാർ പറഞ്ഞുകാണും—മിക്കവാറും അങ്ങനെയെല്ലാമാണ് നമ്മുടെ നാട്ടിൽ പറയാറു പതിവ്. ജൎമ്മനിയിലെ അമ്മമാർ, 'നിന്നെ കൊക്കുകൊണ്ടുവന്നു തന്നതാണ്', 'അടുത്ത തവണ കൊക്കമ്മാവൻ വരുമ്പോൾ ഒരനിയത്തിയെക്കൂടി കൊണ്ടുവരാൻ പറയാം', എന്നു പറയും. അങ്ങനെ വിശ്വസിക്കത്തക്കവണ്ണമാണ് ആളുകളുടെ പെരുമാററവും. കൂടുവച്ചു വസിക്കുന്ന കൊക്കുകളെ ആരും ഉപദ്രവിക്കാറില്ല; എന്നു മാത്രമല്ല, ഒരു വീട്ടിനു മുകളിൽ കൊക്കുചെന്നു കൂടുവയ്ക്കുന്നതു ഭാഗ്യശകുനമെന്നു കരുതുകയും ചെയ്യുന്നു.

നമ്മുടെ കുഞ്ഞുങ്ങളെ ഉടുപ്പുകളൊന്നുമിടാതെ വള ത്തുകയും വെറുമൊരു പായ് വിരിച്ചു അതിൽകിടത്തി ഉറക്കുകയും അസാധാരണമല്ല. എന്നാൽ തണുത്ത രാജ്യ ങ്ങളിൽ ഇപ്രകാരം ചെയ്യുന്നതു് അപകടമായിരിക്കും. ഇംഗ്ലണ്ടിലും മററും കുഞ്ഞുങ്ങളെ കമ്പിളികൊണ്ടു തുന്നിയ ഉടുപ്പുകളിട്ടു്, കിടക്കകളിൽ കിടത്തിയാണു് കളിപ്പി ക്കുന്നതു്. ജർമ്മനിയിൽ കുഞ്ഞുങ്ങളെ കുറെക്കൂടി കക്ക ശമായി സൂക്ഷിക്കുന്നു. തുണിയോ, പഞ്ഞിയോ, പക്ഷി കളുടെ പൂടയോ നിറച്ചു് ചാക്കുപോലെയുള്ള ഒരുറയുണ്ടാ ക്കി, അതിനകത്തു കുട്ടിയെ കയററിക്കിടത്തുകയാണവർ ചെയ്യുക. 'സ്റ്റെക്കിസ്സൻ' എന്നറിയുന്ന ഈ മെത്ത ഉടു പ്പു്, പട്ടു തുണിയിലും തുന്നാറുണ്ടു്. വീട്ടിനു വെളിയിൽ കൊണ്ടു പോകുമ്പോഴും കുട്ടിയെ ഇതിനുള്ളിൽനിന്നു മാ ററാറില്ല. 'പ്രാം' എന്നു പറയാറുള്ള ഉന്തുവണ്ടിയിൽ കയ ററിക്കിടത്തുകയാണെങ്കിലും ഈ ഉറയോടുകൂടിത്തന്നെയാ യിരിക്കും. പ്രായമായവർ ഉറങ്ങുമ്പോൾ മൂടുന്നതിനു് പൂട നിറച്ച 'ക്വിൽട്ടു'കൾ ഉപയോഗിക്കുന്നു. കമ്പിളിത്തു ണിയെക്കാൾ കൂടുതൽ ചൂടു് ക്വിൽട്ടുപയോഗിക്കുന്നതു കൊണ്ടു ലഭിക്കുമത്രെ. സ്റ്റെക്കിസ്സൻ കുഞ്ഞുങ്ങളുടെ ക്വിൽട്ടുടുപ്പാണു്.

അതി മനോഹരമായ സ്റ്റെക്കിസ്സൻ ധരിപ്പിച്ചു് കുഞ്ഞുങ്ങളെ പ്രാമിൽ ഉന്തിക്കൊണ്ടു പോകുന്ന സ്ത്രീകളെ പട്ടണങ്ങളിൽ ധാരാളമായിക്കാണാം. പശയിട്ടുതേച്ചു് വടിപോലെയാക്കിയ വെള്ളത്തൊപ്പിയും പകിട്ടുള്ള ജാ

ക്കററും നിറമുള്ള സ്കർട്ടും ധരിച്ച്, കഴുത്തിൽ കനത്ത ഒരു വെള്ളിത്തുടലാഭരണവുമിട്ട്, സാവധാനം നടന്നു പോകുന്ന ഈ സ്ത്രീകൾ, അമ്മമാരല്ല, വേലക്കാരികളാണ്. സാധുക്കളായ മാതാക്കൾ പൈതങ്ങളെ മാറോടു ചേർത്തുപിടിച്ചോ, തോളോടു ചേർത്ത് എടുത്തോ കൊണ്ടുപോകുന്നതു കാണാം. തൊഴിൽ ശാലയിൽ ജോലിക്കുപോകുന്ന ഒരു മാതാവ്, കുഞ്ഞിനെ അടുത്തുള്ള ഒരു 'ക്രെയ്ഷിൽ' കൊണ്ടാക്കുന്നു. ക്രെയ്ഷ് ഒരു ശിശു കേന്ദ്രമാണ്. പകൽ സമയം മുഴുവനും കുട്ടിയെ അവർ അവിടെ സൂക്ഷിക്കും. അമ്മയിൽനിന്നു വാങ്ങി, അവർ അതിനെ കുളിപ്പിച്ച് ഉടുപ്പുമാററി, ആഹാരം നൽകി, കളിപ്പിക്കുകയും ഉറക്കുകയും ചെയ്യുന്നു. വൈകുന്നേരം വീട്ടിലേക്കു മടങ്ങുന്നവഴി അവിടെനിന്നു അമ്മ കുഞ്ഞിനെ കൊണ്ടുപോകും.

കുഞ്ഞുങ്ങൾക്കു കളിക്കുവാൻ പ്രത്യേക മുറികൾ മിക്കവാറും ഭവനങ്ങളിൽ കാണുകയില്ല. ഫ്ളാററുകളിൽ താമസിക്കുന്നവരുടെ കുഞ്ഞുങ്ങൾക്ക് ഉറങ്ങുന്നതിനും കളിക്കുന്നതിനുമെല്ലാം ഒരേമുറിതന്നെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ മുറി അവർ എത്രയും ഭംഗിയാക്കി വയ്ക്കാറുണ്ട്. ചുവരുകളിൽ സുന്ദരമായ ചിത്രങ്ങൾ തൂക്കിയിരിക്കും. മരക്കളിപ്പാട്ടങ്ങൾ അനവധി അവിടെ നിരത്തിയിരിക്കും. ന്യൂറെൻബർഗ്ഗിൽ ഇവ ഉണ്ടാക്കുന്നുണ്ടല്ലോ. മൃഗങ്ങൾ, യന്ത്രങ്ങൾ, പട്ടാളക്കാർ, കോട്ട കൊത്തളങ്ങൾ, എന്നിവയാണ് മരത്തിൽചെയ്തിട്ടുള്ള കളിക്കോപ്പുകൾ അധികവും. ചിത്രങ്ങൾ ജന

നേതാക്കന്മാരുടേയും നാട്ടിലെ പ്രസിദ്ധപ്പെട്ട കാഴ്ചകളു ടേതുമായിരിക്കും.

ആണ്ടിലൊരിക്കലുള്ള കുഞ്ഞുങ്ങളുടെ മഹോത്സവ മാണ് ക്രിസ്തുമസ്സ്. അമ്മമാക്ക് കൊക്കകൾ കുഞ്ഞുങ്ങളെ കൊണ്ടുകൊടുക്കുന്നതുപോലെ, ക്രിസ്തുമസ്സിന്ന തലേദിവസം രാത്രി കുഞ്ഞുങ്ങൾക്കു ക്രിസ്തുമസ്സ് അപ്പൂപ്പൻ ധാരാളം സമ്മാനങ്ങൾ നൽകുമത്രെ. ഒന്നു രണ്ടാഴ്ചകൾക്കു മുമ്പു മുതൽ കുട്ടികൾ അവക്കുവേണ്ട സമ്മാനങ്ങളുടെ പേരു കടലാസ്സു തുണ്ടുകളിൽ കുറിച്ച് അമ്മയെ ഏൾപ്പിക്കുന്നു. മക്കൾ അറിയാതെ തന്നെ മിക്കവാറും ആ സാധനങ്ങ ളെല്ലാം അമ്മ മേടിച്ചുവയ്ക്കും. ഒരു ക്രിസ്തുമസ്സ് ചെടിയും അതുപോലെതന്നെ അടുത്തുള്ള ചന്തയിൽനിന്ന് അവർ വാങ്ങിക്കൊണ്ടുവരും. ക്രിസ്തുമസ്സിൻെറ തലേദിവസം രാത്രി ഈ ചെടിയിൽ സമ്മാനങ്ങളിൽ പലതും, നല്ല വണ്ണക്കടലാസ്സുകളിൽ പൊതിഞ്ഞു്, അവർ കെട്ടിത്തൂക്കും. അക്കൂട്ടത്തിൽ പഴങ്ങളും, മധുരപലഹാരങ്ങളും സ്ഫടികം കൊണ്ടുള്ള ഉണ്ടകളും, കളിപ്പാട്ടങ്ങളും കാണും. മുന്നറിവു കൊടുക്കാതെയാണ് കുട്ടികളെ ചെടിയുടെ സമീപത്തേക്കു വിളിക്കുന്നതു്. ക്രിസ്തുമസ്സ് അപ്പൂപ്പൻ തങ്ങൾക്കുനൽകിയ സമ്മാനങ്ങൾ തട്ടിയെടുത്ത് കുട്ടികൾ തുള്ളിക്കളിക്കും. ചെടികൾക്കു ചുററും അവർ നൃത്തം ചെയ്യുകയും, പാട്ടു പാടി രസിക്കുകയും ചെയ്യും. അമ്മയും അച്ഛനും മൂത്ത സഹോദരീസഹോദരന്മാരും നോക്കിയിരുന്നാനന്ദമനു ഭവിക്കും. ചിലപ്പോൾ ക്രിസ്തുമസ്സ് അപ്പൂപ്പൻ ഈ

സമയത്തു വീണ്ടും ഒരുകെട്ടു സമ്മാനവുമായി പ്രത്യക്ഷപ്പെട്ടുവെന്നും വരും. എന്നാൽ പിന്നെ അവിടത്തെ കോലാഹലം പറയാനില്ല.

## അദ്ധ്യായം 6

# വിദ്യാഭ്യാസവും വിനോദങ്ങളും

വിദ്യാഭ്യാസമില്ലാത്ത ഒരു കുട്ടി പോലും ജർമ്മനിയിൽ കാണുകയില്ല. എത്ര നിർദ്ധനരായ മാതാപിതാക്കന്മാരും കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽ അടുത്തുള്ള 'കിൻഡർഗാർട്ടൻ' സ്ക്കൂളുകളിലയക്കുന്നു. കളിസാമാനങ്ങളുപയോഗിച്ചാണു് ഇവിടെ അധ്യയനം നടത്തുന്നതു്. പാടാനും, ആടാനും, താളമൊപ്പിച്ചു നടക്കാനും, തോട്ടങ്ങളുണ്ടാക്കാനുമെല്ലാം കുട്ടികൾ ഇവിടെ അഭ്യസിക്കും. പക്ഷിമൃഗാദികളെ സൂക്ഷിക്കുന്നതിലും, സ്വന്തം പാവകളെ കുളിപ്പിച്ചു് ഉടുപ്പു ഇടുവിക്കുന്നതിലും അവക്കു പരിശീലനം സിദ്ധിക്കുന്നു. അല്പം പ്രായംകൂടുന്നതോടുകൂടി വസ്ത്രങ്ങൾ അലക്കുക, മരപ്പണിചെയ്യുക, ആഹാരങ്ങൾ പാകപ്പെടുത്തുക എന്നീ ജോലികളും ഇഷ്ടാനുസരണം ബാലികാബാലന്മാർ ചെയ്തു പഠിക്കും.

ഏകദേശം പത്തുവയസ്സാകുന്നതോടുകൂടി കുട്ടികൾ സാധാരണ രീതിയിലുള്ള പള്ളിക്കൂടങ്ങളിലേക്കു മാററപ്പെടും. ഈ പള്ളിക്കൂടങ്ങൾ ഗ്രീഷ്മകാലത്തു് രാവിലെ ഏഴുമണിക്കും ഹേമന്തകാലത്തു് എട്ടുമണിക്കുമാണു് ആരം

ഭിക്കുന്നത്. അദ്ധ്യയനം മദ്ധ്യാഹ്നം വരെയാകുന്നു. അതു കഴിഞ്ഞു മിക്കവാറും കുട്ടികൾ കളികളിലേർപ്പെട്ടും.

അതിരാവിലെ പള്ളിക്കൂടങ്ങളിലേക്കു പോകുന്ന വഴിക്ക് കൂട്ടംകൂട്ടമായി കുട്ടികൾ തെരുവുകളിൽ കളിച്ചു നില്ക്കുന്നത് സാധാരണയാകുന്നു. ഒരു കുട്ടിപോലും ഇക്കൂട്ടത്തിൽ കീറിയതോ, മലിനമോ ആയ വസ്ത്രങ്ങൾ അണിഞ്ഞുകാണുകയില്ല. ജർമ്മൻകാർ ശുചിത്വത്തിൽ അത്ര നിഷ്കർഷയുള്ളവരാണ്. തെരുവുകളും അതുപോലെ വൃത്തിയായി അവർ സൂക്ഷിക്കുന്നു.

ജർമ്മൻകാർ കാററും വെയിലും വളരെ ഇഷ്ടപ്പെടുന്നു. കുട്ടികൾ ആരോഗ്യദൃഢഗാത്രരായി വളരുന്നതിന് തുറസ്സായ സ്ഥലങ്ങളിൽ കഴിയുന്നിടത്തോളം സമയം കഴിച്ചുകൂട്ടണമെന്നു മാതാപിതാക്കന്മാർ കരുതുന്നു. അതിൻെറ ഫലമായി വേനൽകാലത്ത് പല വിദ്യാലയങ്ങളിലും അധ്യയനം വെളിയിൽ വച്ചു നടത്തിവരുന്നു. അതുപോലെ തന്നെ, കായികവിനോദങ്ങളിലാണ് അവക്കു ശ്രദ്ധ അധികവും. വിദ്യാലയങ്ങളിൽ മിക്ക സമയവും ഓട്ടവും ചാട്ടവും കളികളുമാണ്.

ജർമ്മനിയിലെ ജനങ്ങൾ പൊതുവെ വളരെ സൗന്ദര്യമുള്ളവരാകുന്നു. ചുവന്നു തുടുത്ത കവിൾത്തടങ്ങളും ചെമ്പിച്ച് ഇരുണ്ട തലമുടിയും, വലിയ നീല കണ്ണുകളും പെൺകുട്ടികളെ മനോഹാരിണികളാക്കിത്തീർക്കുന്നുണ്ട്. തലമുടി പലപ്പോഴും രണ്ടുവരിയായി പിന്നി



ഒരു ജർമ്മൻ പെൺകുട്ടി

യിടുകയോ, തലയോട്ട ചേർത്തു മുറുക്കിവയ്ക്കുകയോ ആണ് അവർ ചെയ്യുന്നത്. ഒരുത്തരും വൃത്തിയും പകിട്ടുമുള്ള വസ്ത്രങ്ങളല്ലാതെ ധരിക്കാറില്ല.

ബർലിൻ പോലെയുള്ള വലിയ നഗരങ്ങളിൽ വേനൽകാലത്ത് ഉച്ചയ്ക്കുശേഷം കുട്ടികൾ അടിയുടുപ്പുകൾ മാത്രം ധരിച്ച് അർദ്ധനഗ്നരായി നടക്കുന്നതു സാധാരണയാണ്. ആണും പെണ്ണും ഈ വേഷത്തിൽ ഉല്ലാസമായി അലഞ്ഞുതിരിഞ്ഞും, ഉദ്യാനങ്ങളിൽ ചെന്ന് ഓടി ക്കളിച്ചും, വെള്ളക്കെട്ടുകളിലിറങ്ങി വെള്ളം തെററി ഒഴിച്ചും ഇരുട്ടുന്നതുവരെ കഴിയും.

സർവ്വകലാശാലകളിലും കായികപ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൂടും. യുവാക്കന്മാർ പ്രത്യേകം പേരുകളിൽ സമിതികൾ സംഘടിപ്പിച്ച് ആയുധാഭ്യാസം ചെയ്യുകയും കായികമത്സരങ്ങൾ നടത്തുകയും അടുത്ത കാലംവരെ പതിവായിരുന്നു. ഹിററ്ലറിൻെറ കാലത്തു തെരുവീഥികളിൽ കൂടി വരിവരിയായി 'മാർച്ച്' ചെയ്തുപോകുന്ന അനവധി വിദ്യാർത്ഥിസംഘങ്ങളെദിവസവുംകാണാമായിരുന്നുവത്രെ. യുവാക്കന്മാർ മാത്രമല്ല, യുവതികളുംഇതിൽ ധാരാളം പങ്കെടുത്തിരുന്നു. ഇന്ന് ഇത്തരം കാഴ്ചകൾ മിക്കവാറും ഇല്ലാതായിട്ടുണ്ട്. എന്നാൽ അടുത്തോ അകലെയോഉള്ള വിശേഷസ്ഥലങ്ങൾ, നാട്ടുമ്പുറങ്ങൾ, വനാന്തരങ്ങൾ എന്നിവിടങ്ങളിലേക്ക് കാൽനടയായിപോകുന്ന സഞ്ചാരസംഘങ്ങൾ ഇന്നും സംഘടിപ്പിക്കാറുണ്ട്. യുവതീയുവാക്കന്മാർ

ഒരുപോലെ ഇതിൽ വളരെ ഔത്സുക്യം പ്രകടിപ്പിക്കുകയും ഇതിൽനിന്നു അന്യാദൃശമായ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നു. ഒരു സഞ്ചാരസംഘത്തിലെ എല്ലാ അംഗങ്ങളുടേയും കൈയിൽ ഓരോ ചെറിയ വടി കാണും. ആവശ്യമുള്ള ഉടുതുണികൾ, ആഹാരസാധനങ്ങൾ മുതലായവ ഭാണ്ഡംകെട്ടി വടിയുടെ അറ്റത്തു ബന്ധിച്ച്, അതും തോളിലേന്തിക്കൊണ്ടാണു് യാത്ര പോവുന്നതു്. ഉത്സാഹഭരിതരായി പാട്ടുംപാടി പാടങ്ങൾ താണ്ടിയും, കുന്നുകൾ കയറിയും, കാടുകൾ കടന്നും അനേകദിവസങ്ങൾ അവർ അങ്ങനെ നടന്നു എന്നു വരും. രാത്രികാലങ്ങളിൽ മിക്കവാറും തുറസ്സായ സ്ഥലങ്ങളിൽ കിടന്നുതന്നെ അവർ ഉറങ്ങും. മഴയോ തണുപ്പോ ഉള്ളപക്ഷം, ഏററവും അടുത്തുള്ള ഒരു 'യൂത്ത് ഹോസ്റ്റൽ' ലക്ഷ്യമാക്കി നടക്കുകയായി. ജർമ്മനിയിലെവിടെയും ഇങ്ങനെയുള്ള സ്ഥാപനങ്ങളുണ്ടു്. അവിടെ ചെല്ലുന്ന ഏതൊരു യുവവിദ്യാർത്ഥിക്കും വളരെ ചുരുങ്ങിയ ചെലവിൽ ഒന്നുരണ്ടു രാത്രി ഉറങ്ങുകയും വേണമെങ്കിൽ ആഹാരമുണ്ടാക്കിക്കഴിക്കുകയും ചെയ്യാം.

രമണീയമായ തടാകങ്ങളിലോ അടുത്തുള്ള നദികളിലോ ചെന്നു വള്ളം കളിക്കുക, ബോട്ടുയാത്ര ചെയ്യുക മുതലായവയും വിദ്യാർത്ഥികൾക്കു് ആഹ്ലാദപ്രദമായ വിനോദങ്ങളത്രെ. 'ഫുട്ബോൾ', ഗോൾഫ്' 'ടെന്നീസ്' എന്നീ കളികൾ വേനൽകാലത്തു വളരെപ്പേർ കളിക്കുന്നതു കാണാം. പെൺകുട്ടികൾ 'ഹോക്കി'യാണു് കൂടു

തൽ ഇഷ്ടപ്പെടുന്നതു്. ഹേമന്തകാലത്തും ഈ കളികൾ എല്ലാം അങ്ങിങ്ങു നടക്കുന്നുണ്ടായിരിക്കും. പക്ഷേ, വളരെയധികം ആളുകൾ ഇക്കാലത്തു് ഉറഞ്ഞുകിടക്കുന്ന കായലുകളിലും കുന്നുംപുറങ്ങളിലും ചെന്നു പല വിധ വിനോദങ്ങളിലേർപ്പെടുകയാണു് പതിവു്. പാദങ്ങളിൽ രണ്ടു നീണ്ട മരക്കഷണങ്ങൾ വച്ചുകെട്ടിക്കൊണ്ടു് മഞ്ഞു റഞ്ഞ കായലുകളിൽക്കൂടി അതിവേഗത്തിൽ ചറുകിപ്പോകുന്നതു് വളരെ രസമുള്ള ഒരു കളിയാകുന്നു അതുപോലെ തന്നെ മഞ്ഞുമൂടിയ കുന്നുകളിൽനിന്നു കീഴ്പോട്ടു പാഞ്ഞു പോകുന്നതും.

ബ്ളാക്ഫാറസ്റ്റിലെ മല്ലഞ്ചെരിവുകളിൽ ശീതകാലത്തു് വളരെപ്പൊക്കത്തിൽ മഞ്ഞുറഞ്ഞു കിടക്കും. അതുകൊണ്ടു്, മഞ്ഞിന്മേൽക്കളികൾക്കായി അനവധി ആളുകൾ അങ്ങോട്ടു പോകാറുണ്ടു്.

## അദ്ധ്യായം 7

# വിവാഹവും കുടുംബജീവിതവും

ജർമ്മൻ യുവതികൾ സുന്ദരികളെന്നപോലെതന്നെ സമർത്ഥരും നല്ല ചുറുചുറുക്കുള്ളവരുമാകുന്നു. ബാല്യകാലത്തു് സതീർത്ഥ്യരായ ബാലന്മാരോടൊപ്പം സകല കളികളിലും അവർ ഏർപ്പെടുന്നു. അതിനോടുകൂടി പാചകവും തയ്യലും മിക്കവാറും എല്ലാവരും പരിചയിക്കുന്നു. പല

പ്പോഴും ഒരു പെൺകുട്ടി ധരിക്കുന്ന അടിയുടുപ്പുകളും സോക്സും അവൾ തുന്നിയതായിരിക്കും. സഹോദരന്മാരുടെ സോക്സും ടൈയ്യും തുന്നുന്നതിനും അവൾക്കറിയാം.

പതിനാറുവയസ്സാകുന്നതോടുകൂടി ഒരു പെൺകുട്ടിയ്ക്ക് പ്രായപൂർത്തി വന്നതായി കരുതുന്നു. അന്നേ ദിവസം അവൾക്കു സ്നേഹിതരിൽനിന്നു പല സമ്മാനങ്ങളും ലഭിക്കും. പ്രായം ചെന്ന സ്ത്രീകൾ അണിയാറുള്ള വസ്ത്രങ്ങൾ ധരിച്ചാണു് അവൾ അന്നു സദ്യക്കു ചെല്ലുന്നതു്. സർവ്വകലാശാലകളിലോ മറേറാ പഠിക്കുന്ന യുവതികളൊഴിച്ചു് ബാക്കിയുള്ളവരെല്ലാം ഗൃഹജോലികൾ പരിചയിക്കുന്നതിൽ അന്നു മുതൽ കൂടുതൽ ശ്രദ്ധപതിക്കും. ജർമ്മൻകാൎക്കു് എല്ലാത്തിനും ഒരു ചിട്ടയുണ്ടു്. വിവാഹംചെയ്തു് സ്വന്തം ഭവനം നടത്തേണ്ടിവരുന്ന കാലത്തു് ആഹാരമുണ്ടാക്കുക, അലക്കുക, തേക്കുക, വീടുവൃത്തിയാക്കുക, ഉടുപ്പുകൾ തുന്നുക മുതലായ ജോലികൾ ഓരോസ്ത്രീക്കും ചെയ്യേണ്ടിവരുമെന്നു് അവൎക്കറിയാം. അതുകൊണ്ടാണു് പ്രായമാകുന്നതോടുകൂടി ഗാർഹിക ജോലികളിൽ പരിശീലനം സഗൗരവം ആരംഭിക്കുന്നതു്. വേലക്കാരികളെ നിയമിച്ചു എന്നുവെച്ചാലും, അവരെ നിയന്ത്രിക്കണമെങ്കിൽ ജോലി അറിഞ്ഞിരിക്കണമല്ലോ. പാചകവും ഗൃഹഭരണവും ജർമ്മനിയിൽ വീട്ടുകാരിയുടേതാണു്; എങ്കിലും നമ്മുടെ സ്ത്രീകളെപ്പോലെ അവൾ മുഴുവൻ സമയവും അടുക്കളയിലല്ല. പലപ്പോഴും അവൾ നൃത്തത്തിനു പോകും;

പട്ടണങ്ങളിൽ നാടകം, പാട്ടുകച്ചേരി, സിനിമാ എന്നി വയ്ക്കു പോകാത്തവർ കുറവാണു്. വേനൽക്കാലങ്ങളിൽ എത്ര പാവപ്പെട്ട ഗൃഹനായികയും അടുത്തുള്ള ഒരു ഗ്രാമത്തിലോ, കായൽക്കരയിലോ ഒന്നുരണ്ടാഴ്ച സുഖവാസത്തിനു പോവുകയും ചെയ്യും.

ഒരു സ്ത്രീയുടെ വിവാഹം നമ്മുടെ നാട്ടിലെപ്പോലെ അവളുടെ അച്ഛനമ്മമാരല്ല നിശ്ചയിക്കുന്നതു്. തനിക്കു് ഇഷ്ടമുള്ള ഒരു വരനെ അവൾ തെരഞ്ഞെടുക്കും. വിവാഹ നിശ്ചയം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തണമെന്നു അവൾക്കു വലിയ നിർബ്ബന്ധമുണ്ടു്. സദ്യയും നൃത്തവുമെല്ലാമായി അവർ അതാഘോഷിക്കും. ആ ശുഭദിനത്തിൽ ഒരു വഴക്കൻ മോതിരം അവൾ ഇടത്തുകൈവിരലിൽ അണിയുന്നു. വിവാഹദിവസം അതു് വലത്തു കൈവിരലിലേയ്ക്കു മാററുമത്രെ.

വിവാഹദിവസം അടുക്കുന്നതോടുകൂടി വധൂഗൃഹത്തിൽ വലിയ തിരക്കാവും. വിവാഹത്തിനു് അണിയേണ്ട വസ്ത്രങ്ങൾ വളരെ പണം ചെലവു ചെയ്താണുണ്ടാക്കുന്നതു്. പുതിയ ഗൃഹത്തിലേക്കാവശ്യമുള്ള കിടക്കകൾ, തുണികൾ, പാത്രങ്ങൾ എന്നിവയും അതോടുകൂടി മേടിച്ചു തയ്യാറാക്കുക പതിവാകുന്നു. വേലക്കാരികൾക്കു വേണ്ട ഉടുപ്പുകളും പാത്രം തുടയ്ക്കാനുള്ള തുണികളുംവരെ പലപ്പോഴും അവർ ഇക്കൂട്ടത്തിൽ കരുതും. ബ്ളാക്ക്ഫാറസ്റ്റിലെ നാട്ടുമ്പുറങ്ങളിൽ അടുത്ത കാലംവരെ വിവാഹഘോ

ഷയാത്രക്കു മുമ്പിൽ ഈ സാധനങ്ങൾ കയററിയ ഒരു വണ്ടികൂടി അലങ്കരിച്ചു കൊണ്ടുപൊയ്ക്കൊണ്ടിരുന്നു.

പള്ളിയിലെ മതകർമ്മംകൊണ്ടുമാത്രം ജർമ്മനിയിൽ ആരും ഭാര്യാഭർത്താക്കന്മാരായി പരിഗണിക്കപ്പെടുക യില്ല. നാട്ടുനിയമമനുസരിച്ച് അവരുടെ വിവാഹം ഭര ണാധികാരികൾ രജിസ്റ്റർ ചെയ്യണമെന്നുണ്ട്. ഈ രജിസ്റ്റർ വിവാഹം പള്ളിയിലെ ദിവസം അനാ ഡംബരമായ രീതിയിൽ നടത്തുകയാണ് പതിവ്. പെൺകുട്ടിയുടെ അച്ഛനും അമ്മയും വളരെ അടുത്ത ബന്ധുക്കളും മാത്രമെ ഇതിൽ സംബന്ധിക്കാറുള്ളു. ഈ ചടങ്ങുകഴിഞ്ഞ ഉടൻതന്നെ ഭാര്യയും ഭർത്താവും രണ്ടു വഴിക്കു പിരിഞ്ഞു പോവുകയും ചെയ്യും. പിറെറ ദിവസം പള്ളിയിൽവച്ചാണ് അവർ ഒന്നിച്ചു കൂടു ന്നതു്. ഈ അവസരത്തിൽ വെള്ളപ്പട്ടാ, 'സാററി'നോ കൊണ്ടു തുന്നിയ വിശേഷവസ്ത്രങ്ങൾ ധരിച്ച്, വല പോലുള്ള നേർത്ത വെള്ളത്തുണി തലയിൽകൂടി ഇട്ട് മുഖം അല്പം മറച്ച്, കയ്യിൽ കൊഴുന്നുപോലെയുള്ള ഒരു പിടി സുഗന്ധപുഷ്പങ്ങളും വഹിച്ചുകൊണ്ടായിരിക്കും വധു വിൻെറ വരവ്. വധുവിൻെറ ഉപയോഗത്തിനു തയ്യാ റാക്കിയിട്ടുള്ള വണ്ടിയിലെ ഇരിപ്പിടങ്ങളും വിതാനങ്ങളും പോലും വെള്ളയോ ഇളംനീലമോ ആയ തുണിത്തരങ്ങൾ കൊണ്ടായിരിക്കണമെന്നു അവൾക്ക് വളരെ നിർബ്ബന്ധ മുണ്ട്. വിവാഹവേദിയിലേയ്ക്കു വധുവിനെ അനുഗമി ക്കുന്ന തോഴിമാരും വെള്ളയോ, ഇളംനീലമോ അല്ലാതെ ധരിക്കുകയില്ല.

കല്യാണം കഴിഞ്ഞു് അതിഥികളെല്ലാം വധൂഗൃഹത്തിലേക്കു യാത്രയാവുന്നു. അവിടെ വേണ്ടിടത്തോളം സ്ഥലസൗകര്യമില്ലാത്തപക്ഷം അടുത്തുള്ള ഏതെങ്കിലും ഒരു വലിയ ഭോജനശാലയിലേക്കു പോയി എന്നു വരും. വധൂവരന്മാരാൽ നയിക്കപ്പെട്ടു് അതിഥികൾ ഭക്ഷണമുറിയിലേക്കു് ആഡംബരപൂർവം വരിവരിയായി നീങ്ങും. ഈ സമയത്തു് ബാൻഡുമേളങ്ങൾ ഉണ്ടായിരിക്കും. സദ്യ കഴിഞ്ഞു് ആശംസാ പ്രസംഗങ്ങളും മംഗളഗാനങ്ങളും വളരെ നേരത്തേക്കു തുടരും. മംഗളഗാനങ്ങളില്ലാത്ത വിവാഹങ്ങൾ ഇല്ലെന്നുതന്നെ പറയാം. അഭ്യുദയകാംക്ഷികളായ സ്നേഹിതന്മാർ, ബന്ധുജനങ്ങൾ, സഹപ്രവത്തകർ എന്നിവരുടെ മനസ്സിലുള്ള സ്നേഹസമ്പൂർണ്ണമായ വികാരങ്ങൾ പാട്ടുരൂപത്തിലാക്കിയ കവനങ്ങളാണവ. പല തരത്തിലുള്ള നേരംപോക്കുകളും വ്യക്തിപരമായ പരാമർശങ്ങളും അതിലടങ്ങിയിരിക്കുമെന്നുള്ളതുകൊണ്ടു് ധാരാളം ചിരിക്കുവാൻ വകകാണും.

സദ്യകഴിയുന്നതോടുകൂടി എല്ലാവരും സ്വീകരണ മുറിയിലേക്കു മാറും. ഒരു വെള്ളത്തൊപ്പി താലത്തിൽവച്ചു് വരൻ വധുവിനു സമ്മാനിക്കുന്നതാണു് ഇവിടെ നടക്കുന്ന പ്രഥമവും പ്രധാനവുമായ ചടങ്ങു്. 'ഫാംബ്' എന്നറിയുന്ന ഈ തൊപ്പി രാവിലെ ധരിക്കാനുള്ളതാകുന്നു. അല്പകാലം മുമ്പുവരെ, കാലത്തു് അടുക്കളയിൽ പ്രവേശിക്കുന്നതിനു

മുമ്പ് തല ചീകി കെട്ടുന്നതിനും ശരിയായ രീതിയിൽ വസ്ത്രധാരണം ചെയ്യുന്നതിനും ഗൃഹനായികമാർ ശ്രദ്ധിച്ചിരുന്നില്ല. കഴുത്തുമുതൽ കണങ്കാൽവരെ നീണ്ട ഒരുടുപ്പു കൊണ്ടു് ദേഹം മറച്ചും തലമുടി മുഴുവൻ വലിച്ചു ഹാമ്പിനടിയിലാക്കിവച്ചുംകൊണ്ടു് ദ്രുതഗതിയിൽ പാചകത്തിനിറങ്ങുകയായിരുന്നു പണ്ടത്തെപ്പതിവു്. ഇന്നു് ഇത്തരമൊരു തൊപ്പിയുടെ ആവശ്യമില്ലാത്തവിധം വൃത്തിയായി തല ചീകിക്കെട്ടിയശേഷമേ മിക്ക സ്ത്രീകളും പാചകത്തിനു പുറപ്പെടാറുള്ളു. എങ്കിലും ഒരു വിവാഹിതയായ സ്ത്രീ ഹാമ്പ് ധരിക്കാതെ അടുക്കളയിൽ കയറുകയില്ല.

തൊപ്പി സമ്മാനിച്ചുകഴിഞ്ഞാൽ, പിന്നെ നൃത്തമാരംഭിക്കുന്നു. മിക്കവാറും പേർ ഈ നൃത്തത്തിൽ പങ്കെടുക്കും. ഇതിനിടയ്ക്കു് വധൂവരന്മാർ ആരുമറിയാതെ അടുത്ത മുറിയിലേക്കു കടക്കുമത്രെ! വെളിയിൽ കാത്തുനില്ക്കുന്ന മോട്ടറിലോ വണ്ടിയിലോ കയറി അവർ മധുവിധു കൊണ്ടാടുവാൻ പോകുന്നതു് അതിഥികൾ അറിയാതെ ആയതുകൊണ്ടു് നൃത്തം പിന്നേയും വളരെനേരം തുടരും.

ബർളിൻപോലെയുള്ള ഒരു വലിയ നഗരത്തിലേക്കാണു് നവദമ്പതികൾ പോകുന്നതെങ്കിൽ, ഒരു ഹോട്ടലിൽ മുറികളെടുത്തു താമസിക്കുകയായിരിക്കും അവക്കു സൗകര്യം. വേനല്ക്കാലത്തു് വൈകുന്നേരത്തെ ചായ

ഭക്ഷണശാലയുടെ മുൻപിലുള്ള തുറസ്സായ പൂന്തോട്ടത്തിൽ വെച്ചായിരിക്കും. ചായ കഴിഞ്ഞു തെരുവീഥിയിൽ ചുററിത്തിരിയുവാൻ രസമാണ്. ഏതു വഴിയിൽക്കൂടി നടന്നാലും ചെന്നെത്തുന്നതു് തുറസ്സായ ഒരു ഉദ്യാനത്തിലായിരിക്കും. ഈ ഉദ്യാനങ്ങളിലെല്ലാം ഓരോ പാനീയശാലയും കാണും. ഒരു നാടകശാലയിലാണ് പോകുന്നതെങ്കിൽ അവിടേയുമുണ്ടു് അത്തരത്തിലുള്ള ഒരു പാനീയശാല. ചായയെക്കാൾ കൂടുതൽ വീഞ്ഞും, വീഞ്ഞിനെക്കാൾ കൂടുതൽ ബീയറുമാണ് ഇവിടങ്ങളിലെല്ലാം മേശകളിൽ നിരത്തിക്കാണുക.

നാട്ടുമ്പുറത്തുള്ള ഒരു ബന്ധുഗൃഹത്തിലേക്കു് പോകുന്നുവെന്നിരിക്കട്ടെ. അവിടെവെച്ചു് ഒരു ഡാക്ടറേയോ ഒരു പോലീസ് ഇൻസ്പെക്ടറേയോ, അടുത്തുള്ള ഒരു പട്ടണത്തിലെ മേയറേയോ കാണുന്നപക്ഷം, അവരെ പരിചയപ്പെടുത്തുന്നതു് 'ഹെർ ഡാക്ടർ', 'ഹെർ പോലീസ്' ഇൻസ്പെക്ടർ', 'ഹെർ മേയർ' എന്നായിരിക്കും. അവരുടെ ഭാര്യമാരെ പരിചയപ്പെടുത്തുന്നതും പേരുപറഞ്ഞല്ല— 'ഫ്രൌ ഡാക്ടർ', 'ഫ്രൌ ഇൻസ്പെക്ടർ', ഫ്രൌ മേയർ' എന്നത്രെ. ഇവക്കൊക്കും പേരില്ലാഞ്ഞിട്ടല്ല. വളരെക്കാലം ഉദ്യോഗസ്ഥന്മാരെ അവരുടെ ഔദ്യോഗിക സബ് ജ്ഞകൾകൊണ്ടു മാത്രമായിരുന്നു ജർമ്മനിയിലെ ജനങ്ങൾ പരാമർശിച്ചിരുന്നതു്. സ്ത്രീകളെയും "ഉദ്യോഗസ്ഥഭാര്യമാരായി" കാണുന്ന


തായിരുന്നു അവക്കിഷ്ടം. കുഗ്രാമങ്ങളിൽനിന്നു് ഈ പതിവു് പൂർണ്ണമായി ഇന്നും മാറിയിട്ടില്ല.

പുണ്യസ്ഥലങ്ങൾ സന്ദർശിക്കണമെന്നു കരുതുന്ന പക്ഷം അതിനും ജർമ്മനിയിൽ സൗകര്യമില്ലെന്നില്ല. കൊളോണിലെ വലിയ കത്തോലിക്കാ പള്ളിയെപ്പററി മുമ്പു പരാമർശിച്ചിട്ടുണ്ടല്ലോ. റൈൻ തീരത്തും തെക്കെ ജർമ്മനിയിലുമുള്ള ധാരാളമാളുകൾ കത്തോലിക്കരാണു്; അവക്കു വേണമെങ്കിൽ കൊളോണിലേക്കു പോകാം. പ്രോട്ടസ്റ്റൻറു് ക്രിസ്ത്യാനികൾ സാധാരണ പോകാറുള്ള ഒരു പുണ്യസ്ഥലം ഉത്തരജർമ്മനിയിലെ 'വിററൻബർഗ്ഗ്' ആകുന്നു. പ്രോട്ടസ്റ്റൻറു് വിഭാഗത്തിൻെറ ജനയിതാവായ മാട്ടിൻ ലൂതർ അവിടെയാണു് ജീവിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ഒരു പൂർണ്ണകായപ്രതിമ ഇന്നും ആ സ്ഥലത്തുള്ള പള്ളിമുററത്തു നില്പുണ്ടു്. ജർമ്മനിയിലധികവും പ്രോട്ടസ്റ്റൻറുകാരാകുന്നു; ഉത്തരജർമ്മനിയാണു് അവരുടെ സങ്കേതം.

മതത്തിൻെറ പേരിൽ ജർമ്മനിയിലെ ജനങ്ങൾക്കു അനൈക്യമില്ല. രാഷ്ട്രീയാദർശങ്ങളുടെ പേരിലാണു് ഇന്നു് ആ രാജ്യം വിഭജിക്കപ്പെട്ടിരിക്കുന്നതു്. അചിരേണ ഭിന്നതകൾ നീങ്ങി ജർമ്മനി വീണ്ടും ഏകീകരിക്കപ്പെട്ടുമെന്നു നമുക്കു് ആശിക്കാം.

COVER PRINTED AT THE CENTRAL PRISON PRESS
TRIVANDRUM

തിരുവിതാംകൂർ ഗവൺമെണ്ടു പ്രസിദ്ധീകരണം




സോപാനം V F. 1

# ജർമ്മനി

ഡാക്ടർ എൻ. പി. പിള്ള